മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 03 No. 33 | THE ONLINE OFFICIAL NEWS BULLETTIN | 2020 September 12

SEASON OF CROSS | സ്ലീബാകാലം


SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
13 ♪6	14 ♪8	15 ♪6	16 ♪2	17 ♪6	18 ♪2	19 ♪6
5th Sunday after Shunoyo	✝ Ido daslibo qadiso The Feast of Holy Cross	108th Anniversary of the Establishment of Catholicate in Malankara				



കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടതിന്റെ 108-ാം വാർഷികം സെപ്റ്റംബർ 15-ാം തീയതി സഭ ആകമാനം സംഘടിപ്പിക്കുവാൻ പ. കാതോലിക്കാ ബാവാ കല്പനയിലൂടെ ആഹ്വാനം ചെയ്തതായി അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.

15-ാം തീയതി മലങ്കര സഭയുടെ പള്ളികളിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും, കാതോലിക്കേറ്റ് പതാക ഉയർത്തുകയും, സഭയ്ക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്യണം. കാതോലിക്കേറ്റിന്റെ പ്രസക്തിയെക്കുറിച്ചുള്ള പ്രഭാഷണങ്ങളും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കേണ്ടതാണ്. പതിറ്റാണ്ടുകൾ നീണ്ടുനിന്ന തർക്കങ്ങളുടെയും വ്യവഹാരങ്ങളുടെയും പരിസമാപ്തിയാണ് 2017 ജൂലൈ 3-ലെ സുപ്രീം കോടതി വിധിയിലൂടെ സംജാതമായിരിക്കുന്നത്.

മലങ്കര സഭയിലുണ്ടായ തർക്കങ്ങൾക്ക് പരിഹാരമായാണ് 1958-ലും, 1995-ലും, 2017-ലും സുപ്രീം കോടതി വിധികൾ ഉണ്ടായത്. ഈ വിധിയിലെല്ലാം തന്നെ നിഷ്കർഷിക്കുന്നത് മലങ്കര സഭയുടെ ഭരണം നിയമാനുസൃതമാകണമെന്നാണ്. ഇടവകജനങ്ങളുടെ അധികാര അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന ഭരണഘടനയാണ് 1934-ലെ മലങ്കര സഭാ ഭരണഘടന. ഇടവകജനങ്ങൾക്ക് ഇടവകഭരണത്തിൽ ഇത്രയും കൂടുതൽ ഇടപെടൽ ഉറപ്പുവരുത്തുന്ന മറ്റൊരു ഭരണഘടനയും നിലവിലില്ല. ഇത് അംഗീകരിക്കുന്നതോടെ സഭയിൽ ശാശ്വത സമാധാനത്തിന് കളമൊരുങ്ങുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.



കെ. ഐ. ഫിലിപ് റമ്പാൻ അന്തരിച്ചു

വിടപറയുന്നത് ഒട്ടേറെ ജീവകാരുണ്യ സ്ഥാപനങ്ങളുടെ സ്ഥാപകനും ചുമതലക്കാരനും

കോഴിക്കോട്: പുതുപ്പാടി സെന്റ് പോൾസ് ആശ്രമം സുപ്പീരിയർ കെ. ഐ. ഫിലിപ് റമ്പാൻ (86) അന്തരിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ കീഴിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഒട്ടേറെ ജീവകാരുണ്യ സ്ഥാപനങ്ങളുടെ സ്ഥാപകനും ചുമതലക്കാരനുമായിരുന്നു. മലങ്കര ഓർത്തഡോക്സ് സഭാ മിഷനറി ജ്യോതിസ്സ് സ്ഥാനം നൽകി സഭ ആദരിച്ചിട്ടുണ്ട്.

കുഷ്ഠരോഗികളുടെ മക്കൾക്കായി തെലങ്കാനയിലെ യാച്ചാരം, മഹാരാഷ്ട്രയിലെ പുണെ, മധ്യപ്രദേശിലെ ഇറ്റാർസി എന്നിവിടങ്ങളിൽ ബാലമന്ദിരങ്ങൾ സ്ഥാപിച്ചു. ആദിവാസി കുട്ടികൾക്കായി ഒഡീഷയിലെ കലഹണ്ടിയിലും എയ്ഡ്സ് രോഗികളുടെ ക്ഷേമത്തിനായി ബെംഗളൂരുവിലെ കുനിഗലിലും സ്ഥാപനങ്ങൾ ആരംഭിച്ചു. ബെംഗളൂരുവിലെ ജലാഹള്ളി നാംസ് സ്നേഹസദൻ, വയോജന മന്ദിരം, പാലിയേറ്റിവ് കെയർ സെന്റർ എന്നിവയുടെ ഡയറക്ടറും ബെംഗളൂരു ട്രിനിറ്റി കോളജ്, ട്രിനിറ്റി സ്കൂൾ എന്നിവയുടെ സെക്രട്ടറിയുമാണ്. മലബാർ, ബത്തേരി ഭദ്രാസനങ്ങളിലെ വിവിധ ഇടവകകളിൽ വികാരിയായിരുന്നു.

1977ൽ ആന്ധ്രയിൽ ചുഴലിക്കാറ്റിൽ നശിച്ച 2 ഗ്രാമങ്ങൾ, 1999ൽ ഒഡീഷയിലെ ചുഴലിക്കാറ്റിൽ നശിച്ച 8 ഗ്രാമങ്ങൾ, 2000ലെ ഗുജറാത്ത് ഭൂകമ്പത്തിൽ തകർന്ന ഒരു ഗ്രാമം, സുനാമി തകർത്ത ആലപ്പുഴയിലെയും കായംകുളത്തെയും 2 ഗ്രാമങ്ങൾ എന്നിവ മലങ്കര ഓർത്തഡോക്സ് സഭ പുനർനിർമിച്ചു നൽകിയത് ഫിലിപ് റമ്പാന്റെ നേതൃത്വത്തിലായിരുന്നു. ഈ പ്രവർത്തനങ്ങൾക്ക് ആന്ധ്ര, ഒഡീഷ, ഗുജറാത്ത് സർക്കാരുകൾ അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

പത്തനംതിട്ട വയലത്തല പാറമേൽ കരിമ്പനേത്ത് കെ.പി.ഐപ്ഏലിയാമ്മ ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ: കെ.ഐ.തോമസ്, കെ. ഐ. ജോസഫ്, ഏലിയാമ്മ തോമസ്. സെപ്റ്റംബർ 10-നു പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിൽ സംസ്കാര ശുശ്രൂഷകൾ നടന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

സ്ലീബാ കാലം: കർത്താവിന്റെ രണ്ടാമത്തെ വരവിനു വേണ്ടിയുള്ള കാത്തിരിപ്പ്



ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

"സ്ലീബാ വാഴുക സ്വർഗ്ഗത്തിൽ
സ്ലീബാ വാഴുക ഭൂമിയിലും
സ്ലീബാ പള്ളികൾ ദയറാകൾ-
ക്കെല്ലാമാകണമേ കോട്ട."

പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധനാവർഷത്തിലെ അവസാന കാലഘട്ടമായ ഏഴാമത്തെ കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയാണല്ലോ നാം. ഈ ഏഴാമത്തെ കാലത്തെ സ്ലീബാകാലം, യുഗാന്ത്യകാലം എന്നെല്ലാം അറിയപ്പെടുന്നു. സെപ്റ്റംബർ 14-ാം തീയതി, രക്ഷാകരമായ സ്ലീബാ പെരുന്നാളിൽ ആരംഭിക്കുകയും അടുത്ത ആരാധനാവർഷത്തിന്റെ കൂദോശ് ഈത്തോ ഞായറാഴ്ചയുടെ തലേദിവസം വരെ നീണ്ടുനിൽക്കുന്ന ഈ കാലഘട്ടത്തിൽ, സെപ്റ്റംബർ 14 മുതൽ ഒക്ടോബർ 31 വരെ ഏഴ് ആഴ്ചകൾ ഉണ്ട്. ഈ വർഷം 2020-ൽ ആരാധനാവർഷം തുടങ്ങുന്നത് നവംബർ ഒന്നാം തീയതി ഞായറാഴ്ചയാണ്.

എല്ലാ വർഷവും സെപ്റ്റംബർ 14-നു ആണ് സഭ സ്ലീബാ പെരുന്നാൾ ആഘോഷിക്കുന്നത്. ചരിത്രപരമായി പറഞ്ഞാൽ എ.ഡി. 326-ൽ ആണ് കുസ്തന്തീനോസ് ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞിയുടെ നേതൃത്വത്തിൽ കർത്താവിന്റെ സ്ലീബാ കണ്ടെടുക്കുന്നത്. 335-ൽ ആദ്യമായി സ്ലീബായുടെ നാമത്തിൽ ഉള്ള കത്തീഡ്രൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ സഹായത്താൽ ഹെലിനി രാജ്ഞി പണിതുയർത്തി. അപ്പോൾ നാലാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം മുതലുള്ള ചരിത്രത്തിലെ ഒരു കാലഘട്ടത്തെ കൂടെയാണ് ഈ കാലഘട്ടം സ്മരിക്കുന്നത്. ഈ കാലം ഇപ്പോഴും മുന്നോട്ടു പോവുകയാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ ആണ് ഈ കാലം അതിന്റെ പൂർണ്ണതയിൽ എത്തുന്നത്. അങ്ങനെ നാം ഏഴു കാലങ്ങളിൽ നിർത്തുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ വരവിൽ എട്ടാം കാലം പുതിയ കാലം ആരംഭിക്കുന്നു.

ഈ കാലഘട്ടം മുതൽ അഥവാ സ്ലീബാ പെരുന്നാൾ മുതൽ സ്ലീബായുടെ നമസ്കാരം ആണ് നാം നടത്തുന്നത്. സ്ലീബാ പെരുന്നാളിന്റെ തലേ ഞായറാഴ്ച വരെയും നാം ക്യംതായുടെ നമസ്കാരം ആയിരുന്നു നടത്തിയത്. അങ്ങനെ ഈ കാലഘട്ടം മുതൽ ആരാധനയിൽ ഒരു പുതിയ ക്രമീകരണം ആരംഭിക്കുന്നു. സ്ലീബായെ ധ്യാനിച്ചുകൊണ്ടുള്ള ഈ കാലത്തിൽ നാം പ്രത്യേകമായി കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും, യുഗാന്ത്യത്തെക്കുറിച്ചും ധ്യാനിക്കുന്നു. കള്ളൻ രാത്രിയിൽ വരുംപോലെ കർത്താവിന്റെ നാൾ വരുന്നു എന്നും കള്ളൻ എപ്പോൾ വരുന്നു എന്ന് വീട്ടുടമസ്ഥൻ അറിയായ്കയാൽ ഉണർന്നിരിക്കണമെന്നും, അതിനാൽ കർത്താവിന്റെ രണ്ടാമത്തെ വരവിനായി എപ്പോഴും നാം ഒരുങ്ങിയിരിക്കണമെന്നും ഈ കാലഘട്ടത്തിലെ വേദഭാഗങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഏഴു കാലഘട്ടത്തിന്റെ ഈ പ്രയാണം നാം ആരംഭിച്ചത് കർത്താവിന്റെ ജീവിതത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഏഴു ഭാഗങ്ങൾ പ്രപഞ്ചത്തിന്റെ ആരംഭത്തിൽ നിന്നു തുടങ്ങി കർത്താവിന്റെ രണ്ടാമത്തെ വരവു വരെയുള്ള കാലഘട്ടത്തെയാണ് അനുസ്മരിക്കുന്നത് എന്ന് നാം ഓർക്കണം. അപ്പോൾ ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സകലത്തിന്റെയും സ്രഷ്ടാവായ ദൈവത്തിൽ നിന്ന് ആരംഭിച്ച് കർത്താവിന്റെ രണ്ടാമത്തെ വരവിനും ആ പുതിയ ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു എന്ന അടിസ്ഥാന വിശ്വാസപ്രമാണത്തിന്റെ പശ്ചാത്തലം നമുക്ക് കാണുവാൻ കഴിയും. വേദപുസ്തകത്തിന്റെ ക്രമത്തിലും ഇതുതന്നെയാണല്ലോ ഉൽപ്പത്തി പുസ്തകം ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നാം കാണുന്നത്. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. അവിടം മുതൽ ഉൽപത്തി ചരിത്രം യിസ്രായേലിന്റെ തിരഞ്ഞെടുപ്പ്, അവരുടെ യാത്രകൾ, ന്യായാധിപന്മാരിലൂടെ, രാജാക്കന്മാരിലൂടെ, പ്രവാചകന്മാരിലൂടെ ഒക്കെ അവരെ ഒരുക്കി, ആ ഒരുക്കപ്പെട്ട വയലിൽ കാലത്തികവിൽ ദൈവം മനുഷ്യനായി കന്യകയിൽ നിന്ന് ജനിക്കുന്നു. തന്റെ മനുഷ്യാവതാര കർമ്മം അദ്ദേഹം പൂർത്തീകരിക്കുന്നു. അവൻ വീണ്ടും വരും എന്ന് അരുളിച്ചെയ്തുകൊണ്ട് ആ ദൗത്യങ്ങൾ പരിശുദ്ധാത്മാവിലൂടെ പരിശുദ്ധ സഭയിലെ കൂദാശകളിലേക്ക് ഏൽപിച്ചിട്ട് തന്റെ പിതാവിന്റെ വലത്തുഭാഗത്ത് മഹത്വത്തോടെ ഇരിക്കുന്നു. ഈ യാഥാർത്ഥ്യം നമുക്ക് അറിയാവുന്നതാണ്. അതുകൊണ്ട് തന്നെ ഈ സഭയുടെ ചരിത്രം സുവിശേഷങ്ങളിലൂടെ, അപ്പോസ്തോലിക പ്രവർത്തികളിലൂടെ, തുടർന്നുള്ള ലേഖനങ്ങളിലൂടെ എല്ലാം വിവക്ഷിച്ചു മുന്നോട്ടു പോകുമ്പോൾ കർത്താവിന്റെ രണ്ടാമത്തെ വരവിലേക്കുള്ള പ്രാർത്ഥനയായിട്ട് വെളിപ്പാട് പുസ്തകത്തിൽ നാം കാണുന്നു. വെളിപ്പാട് പുസ്തകത്തിലെ അവസാന അദ്ധ്യായത്തിൽ (22-ാം അദ്ധ്യായം 20, 21 വാക്യങ്ങൾ) നാം കാണുന്നത് 'കർത്താവായ യേശുവേ വേഗം വരേണമേ' എന്ന പ്രാർത്ഥനയോടെയാണ് അവസാനിക്കുന്നത്. തുടർന്നുള്ളത് ആശംസാവാചകമായ നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളിലെല്ലാവരിലും കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ എന്നു പറഞ്ഞുകൊണ്ടാണ് ആ ഭാഗം അവസാനിക്കുന്നത്. അതുകൊണ്ടാണ് ഈ കാലത്തെ, സ്ലീബാ കാലത്തെ രണ്ടാമത്തെ വരവിനുവേണ്ടിയുള്ള നോക്കിപ്പാർക്കുന്നതിന്റെ കാലമായിട്ട് നാം ഗണിക്കുന്നത്. അതുപോലെ തന്നെ ആ വരവിനുവേണ്ടിയുള്ള കാത്തിരിപ്പിനെയാണ് the escatological hope of the Holy Church എന്നു പറയുന്നത്.

യുഗാന്ത്യം എന്നു പറയുന്നത് അവസാനമല്ല, ഒരു പുതിയ യുഗത്തിലേക്കുള്ള ആരംഭമാണ്. ഉൽപത്തി പുസ്തകം മുതൽ നാം കാണുന്ന ഒന്നാണ് എട്ടാം നാളിലെ പരിച്ഛേദന എന്ന ക്രമം. ഉൽപത്തി പുസ്തകത്തിൽ അബ്രഹാം മുതലും പുറപ്പാടു പുസ്തകത്തിൽ മോശയുടെ കാലഘട്ടത്തിലും ഇസ്രായേൽ മക്കൾക്ക് മുഴുവൻ എട്ടാം നാളിൽ പരിച്ഛേദന നൽകുന്നുണ്ട്. ആ എട്ടാം നാൾ, അത് എട്ടാമത്തെ ഒരു കാലമാണ്. ആഴ്ചവട്ടത്തിന്റെ എട്ടാം നാൾ എന്ന വിവക്ഷ നാം കാണുന്നുണ്ട്. ആഴ്ചവട്ടത്തിന്റെ എട്ടാം നാൾ എന്നു നാം പറയുന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തന്നെയാണ്. അത് പ്രപഞ്ചം ആരംഭിച്ച ദിവസമാണ്. ഞായറാഴ്ചയിലാണ് പ്രപഞ്ചം ആരംഭിക്കുന്നത് എന്ന് നാം മനസ്സിലാക്കുന്നു. അതുപോലെതന്നെ ഈ ഒന്നാം ദിവസം ആണ് കർത്താവിന്റെ പുനരുത്ഥാനം നടന്നത്. ആഴ്ചവട്ടം കഴിഞ്ഞുള്ള ഒന്നാം നാൾ എന്നു പറയുന്നതിനെ എട്ടാം നാൾ എന്നു കൂടെ നാം വിവക്ഷിക്കുന്നു. ശ്ലീഹന്മാർ കർത്താവിനെ കാത്തിരുന്നതും കർത്താവ് അവർക്ക് പ്രത്യക്ഷപ്പെട്ടതും ഒക്കെ ഈ പുനരുത്ഥാനത്തിന്റെ സുദിനമായ പുതിയ യുഗപിറവിയുടെ സുദിനമായ എട്ടാം നാളിലാണ് എന്നും നാം ഓർക്കണം. അതുകൊണ്ട് ഈ സ്ലീബാകാലം എന്നു പറയുന്ന കാലഘട്ടം കർത്താവിന്റെ രണ്ടാമത്തെ വരവുവരെ നീണ്ടുനിൽക്കുന്നതും അടുത്ത കാലഘട്ടത്തിലേക്കുള്ള ഒരു കാത്തിരിപ്പിന്റെയും ഒരുക്കത്തിന്റെയും കാലം കൂടിയാണ്.


വാത്സല്യ മക്കളെ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടതിന്റെ 108-ാം വാർഷികം സെപ്റ്റംബർ 15-ാം തീയതി സഭ ആകമാനം ആഘോഷിക്കുവാൻ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൽപനയിലൂടെ ആഹ്വാനം ചെയ്തിട്ടുണ്ടല്ലോ. ഈ ദിനം നമ്മുടെ സഭയിലെ ദേവാലയങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും, കാതോലിക്കേറ്റ് പതാക ഉയർത്തുകയും സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തുകയും ചെയ്യണം. **പതിറ്റാണ്ടുകൾ നീണ്ടുനിന്ന തർക്കങ്ങളുടെയും വ്യവഹാരങ്ങളുടെയും പരിസമാപ്തിയാണ് 2017 ജൂലൈ 3-ലെ സുപ്രീംകോടതി വിധിയിലൂടെ സംജാതമായിരിക്കുന്നത്. ഇടവകജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന ഭരണഘടനയാണ് 1934-ലെ മലങ്കര സഭാ ഭരണഘടന. ഇടവകജനങ്ങൾക്ക് ഇടവകഭരണത്തിൽ ഇത്രയും കൂടുതൽ ഇടപെടൽ ഉറപ്പു വരുത്തുന്ന മറ്റൊരു ഭരണഘടനയും നിലവിലില്ല. ഇത് അംഗീകരിക്കുന്നതിലൂടെ സഭയിൽ ശാശ്വത സമാധാനത്തിന് ഇടയാകും. അത് മനസ്സിലാക്കി പ്രവർത്തിക്കുവാൻ എല്ലാവർക്കും കഴിയട്ടെ എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു.**

പ. ദൈവമാതാവിന്റെയും നമ്മുടെ അപ്പോസ്തോലനും ഭാരതത്തിന്റെ കാവൽപിതാവുമായ പ. മാർത്തോമ്മാ ശ്ലീഹായുടെയും ശ്ലീഹാ മുതൽ ഇന്നയോളം നമ്മെ പരിപാലിച്ച നമ്മുടെ സർവ്വ പൂർവ്വ പിതാക്കന്മാരുടെയും പ്രത്യേകാൽ മാർ ഗീവർഗീസ് സഹദായുടെയും മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധന്മാരായ യൽദോ മാർ ബസേലിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ ദീവന്നാസിയോസ് എന്നീ പിതാക്കന്മാരുടെയും പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയും കാവലുമായിരിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ

സഹോദരങ്ങളുടെ സമരമുറകളും ആവശ്യങ്ങളും അജ്ഞതയിൽ നിന്നും ഉണ്ടാകുന്ന അനാവശ്യങ്ങൾ മാത്രം



അന്യായമായ പള്ളികയ്യേറ്റങ്ങൾ നടത്തി യഥാർത്ഥ അവകാശികളെ മാറ്റിനിർത്തിയ സാഹചര്യത്തിൽ നിന്നും ഇടവകകൾ മോചിപ്പിക്കപ്പെട്ട് കൈയേറ്റങ്ങൾക്കു പകരം എല്ലാവർക്കും ഒന്നിച്ച് ആരാധിക്കുവാനുള്ള അവസരമാണ് സംജാതമായിരിക്കുന്നത്.

'യാക്കോബായ' സഹോദരങ്ങൾ കഴിഞ്ഞ രണ്ടാഴ്ചയിലധികമായി നടത്തുന്ന സമരങ്ങൾ അജ്ഞതയിൽ നിന്നും ഉളവാക്കുന്ന അനാവശ്യ സമരങ്ങൾ എന്ന് സമൂഹം തിരിച്ചറിയണം.

രാജ്യത്തിന്റെ പരമോന്നത കോടതിയുടെ വിധിതീർപ്പിനെതിരെ ദേവാലയങ്ങളിൽ ഹിതപരിശോധന നടത്തണമെന്ന ആവശ്യം തന്നെ അജ്ഞതയുടെ ഏറ്റവും വലിയ ഉദാഹരണമാണ്. വിധിതീർപ്പുകൾക്കെതിരെ ഹിതപരിശോധന വേണമെന്ന വാദം ബ. കോടതികളുടെ സ്വീകാര്യത ഇല്ലാതാക്കുന്നതിനും രാജ്യത്ത് അരാജകത്വം സൃഷ്ടിക്കുന്നതിനും മാത്രമേ സാധിക്കൂ.

നിയമലംഘനത്തിന് സംസ്ഥാന സർക്കാരിനെ നിരന്തരം പ്രേരിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്ന സമര നടപടികൾ അവർ ഉപേക്ഷിക്കണമെന്നും അഭ്യർത്ഥിക്കുന്നു. 'സെമിത്തേരി ഓർഡിനനൻസ്' പോലെ 'സഭാസമാധാന ഓർഡിനനൻസി'ലൂടെ മലങ്കരസഭയെ വിഭജിച്ച് അനധികൃത കയ്യേറ്റക്കാർക്ക് ദേവാലയങ്ങൾ നൽകണമെന്നും അവർ അത് വിദേശ മേലദ്ധ്യക്ഷന്റെ മേൽക്കോയ്മയിൽ നിന്നുകൊണ്ട് ഇഷ്ടമുള്ളതുപോലെ കൈകാര്യം ചെയ്തുകൊള്ളാമെന്നുമാണ് ആഗ്രഹിക്കുന്നത്. ഇത് ഒരു ജനാധിപത്യ രാജ്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾക്ക് തീർത്തും എതിരാണല്ലോ. ഓർഡിനനൻസ് എന്ന ഓമനപ്പേരിലൂടെ ഇനിയും നിയമലംഘനം നടത്താമെന്ന് ആരെങ്കിലും മോഹിക്കുന്നുണ്ടെങ്കിൽ അത് തികച്ചും വ്യാമോഹമായിരിക്കും; ജനാധിപത്യപരമായ നിയമപോരാട്ടങ്ങളിലൂടെ അവ എതിർത്ത് തോൽപ്പിക്കപ്പെടും.

ആരാധനാ സ്വാതന്ത്ര്യത്തിനായി നിയമനിർമ്മാണം നടത്തുക, യാക്കോബായ സഭയ്ക്ക് നിഷേധിക്കപ്പെട്ട നീതി പുനഃസ്ഥാപിക്കുക, അന്യായമായ പള്ളി കയ്യേറ്റങ്ങൾ അവസാനിപ്പിക്കുക എന്നിങ്ങനെയാണ് സമരത്തിന്റെ ലക്ഷ്യമായി കാണിക്കുന്നത്. എന്നാൽ ഈ ലക്ഷ്യങ്ങൾ 2017 ജൂലൈ 3-ലെ വിധിയിലൂടെ മലങ്കരസഭയ്ക്ക് ലഭ്യമായി കഴിഞ്ഞതാണ് എന്നതാണ് വസ്തുത.

മലങ്കരസഭയുടെ ദേവാലയങ്ങൾ അക്രമ മാർഗ്ഗത്തിലൂടെ കയ്യടക്കി വെയ്ക്കുകയും അവിടെ വിശ്വാസികളുടെ ആരാധനാസ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്ന സാഹചര്യം 1970-കളിൽ ആരംഭിച്ചത് നിലനിർത്തിയിരുന്നതിനെയാണ് ബ. കോടതികൾ കർശനമായി വിലക്കിയത്. നിയമലംഘനത്തിലൂടെ അവ കൈയടക്കി വെച്ചിരുന്നവരെ വിശദമായി കേൾക്കുകയും അവരുടെ എല്ലാ വാദങ്ങളും ഏറെ ബാലിശമാണ് എന്ന് മനസ്സിലാക്കി ബ. സുപ്രീംകോടതി തള്ളിക്കളയുകയും ചെയ്തതാണ്. കൈയടക്കി വെയ്ക്കുവാൻ നേതൃത്വം നൽകിയവർ മലങ്കരസഭയുടെ അംഗീകൃത അസോസിയേഷൻ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ടവർ അല്ല എന്നതിനാൽ മാത്രമാണ് അവരുടെ അനധികൃത ഭരണം അവസാനിപ്പിച്ച് ദേവാലയങ്ങൾ മലങ്കരസഭാ വിശ്വാസികളായ എല്ലാവർക്കും ആരാധനയ്ക്കായി ഉപയുക്തമാക്കണം എന്ന് കോടതി കണ്ടെത്തിയത്. അനധികൃത കൈയേറ്റക്കാർ കൈയ്യടക്കി വയ്ക്കുകയും യഥാർത്ഥ അവകാശികളെ മാറ്റിനിർത്തുകയും ചെയ്തിരുന്ന അവസ്ഥയിൽ നിന്നും ദേവാലയങ്ങൾ മോചിക്കപ്പെടുകയും മലങ്കരസഭയുടെ ഭരണഘടന അംഗീകരിക്കുന്ന ഏവർക്കും ആരാധനാ സ്വാതന്ത്ര്യം ലഭ്യമാവുകയും ചെയ്യുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിൽ വന്നിരിക്കുന്നത്.

നീതി നിഷേധിക്കപ്പെട്ടത് മലങ്കരസഭയ്ക്കാണ്. നീണ്ട 45 വർഷങ്ങളിലൂടെ (1972-2017) പ. സഭ നിയമപരമായ പോരാട്ടത്തിനൊടുവിൽ നേടിയെടുത്ത നീതി, നിഷേധിക്കപ്പെടണമെന്നും അനധികൃത കുടിയേറ്റക്കാർക്ക് ക്രമീകൃതമല്ലാത്ത - അക്രമ - മാർഗ്ഗത്തിലൂടെ നിയമം കൈയിലെടുക്കണമെന്നുമാണ് ഈ സഹോദരങ്ങൾ ആവശ്യപ്പെടുന്നത്! ഒപ്പം ഇക്കൂട്ടർക്ക് ഭാരതത്തിന്റെ ജനാധിപത്യ നിയമസംവിധാനങ്ങളിൽ വിശ്വാസമില്ലെന്നും അവരുടെ അദ്ധ്യക്ഷൻ മറ്റേതോ ലോകത്താണെന്നും "അമ്മയെ മറന്നാലും ചിലതൊന്നും മറക്കുകയില്ലെന്നു"മൊക്കെ പറയുന്നത് ഇന്ത്യൻ ജനാധിപത്യത്തിൽ വിശ്വസിക്കുന്നവർ തിരിച്ചറിയുകയും അവരെ തിരുത്തുന്ന മലങ്കരസഭയുടെ ദൗത്യത്തിൽ സഹകരിക്കുകയും വേണം.

അന്യായമായ പള്ളികയ്യേറ്റങ്ങൾ നടത്തി യഥാർത്ഥ അവകാശികളെ മാറ്റിനിർത്തിയ സാഹചര്യത്തിൽ നിന്നും ഇടവകകൾ മോചിപ്പിക്കപ്പെട്ട് കൈയേറ്റങ്ങൾക്കു പകരം എല്ലാവർക്കും ഒന്നിച്ച് ആരാധിക്കുവാനുള്ള അവസരമാണ് സംജാതമായിരിക്കുന്നത്.

പ്രബുദ്ധരും ജനാധിപത്യ വിശ്വാസികളുമായ കേരള ജനത ഈ സത്യം മനസ്സിലാക്കുകയും സ്വയം കണ്ണടച്ച് ഇരുട്ടിൽ തപ്പുന്ന 'യാക്കോബായ' സഹോദരങ്ങളെ അവരുടെ അജ്ഞാത-അന്ധകാരത്തിൽ നിന്നും മോചിപ്പിക്കുവാനുള്ള ശ്രമത്തിൽ സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

(മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
മാധ്യമ വിഭാഗം അദ്ധ്യക്ഷൻ)



ചാത്തമറ്റം കർമേൽ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളികാർപ്പോസ് പ്രവേശിച്ചു.

വിശ്വാസ പഠനം

പ്രകാശത്തിന്റെ നിറവ്

യുവതലമുറയുടെ കൗദാശിക ജീവിതം

ഫാ. ഡോ. കെ. എം. ജോർജ്

കൗദാശിക ജീവിതം

കൗദാശിക ജീവിതത്തിന്റെ ഉദ്ദേശ്യം നമ്മുടെ ദൈനംദിന ജീവിതത്തിൽ വിശുദ്ധ രഹസ്യങ്ങളുടെ അർത്ഥതലങ്ങൾ അനുഭവവേദ്യമാകുക എന്നതാണ്. കൂദാശകൾ അഥവാ വിശുദ്ധ രഹസ്യങ്ങൾ ജീവിതത്തിന്റെ ഭാഗമാകേണ്ടതാണ്. അല്ലാതെ വെറും പഠനത്തിനുവേണ്ടിയോ അതിന്റെ താത്വിക ഭാവം മനസിലാക്കുവാനോ മാത്രം ആയിരിക്കരുത്. “കൗദാശിക ആത്മീയത” എന്നു പറയുന്നത് ഒരു തരത്തിൽ, ക്രിസ്തീയ ജീവിതം തന്നെയാണ്; അത് നമ്മുടെ തന്നെ ആത്മീയ വീക്ഷണത്തിൽ നിന്ന് രൂപംകൊള്ളുന്നു, വിശുദ്ധ രഹസ്യങ്ങളിൽ അധിഷ്ഠിതമായ നമ്മുടെ പ്രപഞ്ചത്തിൽ നിന്ന് രൂപംകൊള്ളുന്നു.

വിശുദ്ധ രഹസ്യങ്ങളുടെ വേദശാസ്ത്രം സാധാരണ ക്രൈസ്തവർക്ക് ദുർഗ്രാഹ്യമാകാനാണ് സാദ്ധ്യത. എന്നാൽ കൗദാശിക ആത്മീയതയുടെ ഉള്ളടക്കം ലഘുവായ അഭ്യാസങ്ങളും സാധാരണജീവിതത്തിലെ അനുഭവങ്ങളും ചേർന്നു മാത്രമാണ്. അത് എല്ലാവർക്കും നമ്മുടെ ബൗദ്ധിക കഴിവുകളെയോ ജീവിതത്തിൽ വഹിക്കുന്ന സ്ഥാനങ്ങളെയോ ഉത്തരവാദിത്തങ്ങളെയോ ബാധിക്കുന്നവിധത്തിൽ ഉള്ളതല്ല. യേശുക്രിസ്തുവിന്റെ ആദ്യ ശിഷ്യന്മാരാരും തന്നെ വലിയ പഠിപ്പുള്ളവരൊന്നും ആയിരുന്നില്ലല്ലോ. അവർ വെറും സാധാരണ, ശരാശരി മനുഷ്യർ മാത്രമായിരുന്നു. അപ്പോൾ നമുക്കും നമ്മുടെ രക്ഷകനായ ഗുരുവിന്റെ സവിധത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് നമ്മെ നയിക്കുന്ന വഴിയെക്കുറിച്ച് പഠിക്കുവാൻ സാധിക്കും. അതിന് നാം അത്ര പഠിപ്പുള്ളവരോ ലോകക്രമപ്രകാരം താലന്തുള്ളവരോ ആകണമെന്ന് യാതൊരു നിർബന്ധവും ഇല്ല.

നമ്മൾ ഓർത്തിരിക്കേണ്ട പ്രധാന സംഗതിയാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആദിമുതൽ സൃഷ്ടികർമ്മത്തിൽ തുടർച്ചയായി വ്യാപൃതനായിരിക്കുന്നു എന്നത്. സത്പ്രവൃത്തികൾ ചെയ്യുവാനും ജീവിതത്തിൽ ദൈവഹിതം തിരിച്ചറിയുവാനും ആത്മാവ് മനുഷ്യരെ പ്രചോദിപ്പിക്കുകയും നമ്മിൽ വ്യാപരിക്കുകയും ചെയ്യുന്നു. വിശുദ്ധ കുർബാനയുടെ ആരാധനക്രമം അഥവാ തക്സാ ഇങ്ങനെ പറയുന്നു, “ഉള്ളതും ഉണ്ടാകുവാനുള്ളതുമായ സമയത്തെയും പരിപൂർണ്ണമാക്കി തികയ്ക്കുന്ന പരിശുദ്ധാത്മാവ് കർത്താവായ യേശുക്രിസ്തുവിൽ കൂടെ ദൈവിക രഹസ്യങ്ങളെക്കുറിച്ചുള്ള നമ്മുടെ അറിവ് സാർത്ഥകമാകത്തക്കവണ്ണം നമ്മെ ഊർജ്ജസ്വലരാക്കുന്നു. ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിവയുടെ നിയന്താവു തന്നെ പരിശുദ്ധാത്മാവാണെന്നു പറയാം. നമ്മുടെ സ്വതന്ത്ര ഇച്ഛയെ ആദരിക്കുന്ന പരിശുദ്ധാത്മാവിന്റെ മൃദുസ്വരത്തിന് ചെവികൊടുക്കുക മാത്രമാണ് നാം ചെയ്യേണ്ടത്.

യേശുക്രിസ്തുവിനെ പിൻതുടരുവാനും ദൈവഹിതം ജീവിതത്തിൽ നിവർത്തിക്കുവാനും കൗദാശിക ജീവിതത്തെ പരിശുദ്ധാത്മാവ് ഉത്തേജിപ്പിക്കുന്നു. ഭാരമേറിയ ഒരു അദ്ധ്വാനമായിട്ട് നാം ഇതിനെ കാണേണ്ട ഒരു കാര്യവും ഇല്ല. മറിച്ച്, സത്യസന്ധമായി നമ്മുടെ സ്വയത്തെ മാറ്റിനിർത്തിക്കൊണ്ട് വിശ്വാസത്താലും പ്രത്യാശയാലും സ്നേഹത്താലും പരിശുദ്ധാത്മാവിന്റെ വിവേകപൂർവ്വമായ നടത്തിപ്പിനെയും ജ്ഞാനത്തെയും അനുസരിക്കുകയാണ് നമുക്കു ചെയ്യുവാനുള്ളത്.


പരിശുദ്ധാത്മാവുമായി ചേർന്നുള്ള കൂട്ടായ പ്രവർത്തനം

ആത്മാവിന്റെ സംഗീതാത്മകതയോട് താദാത്മ്യം പ്രാപിച്ചുകൊണ്ട് ആരംഭത്തിൽ, വളരെ ലഘുവായ ചില അഭ്യാസങ്ങളുമായി, ഏറ്റവും എളിമപ്പെട്ടുകൊണ്ട് പരിശുദ്ധാത്മാവിനോട് നമുക്ക് പങ്കുചേരാം.

ഇത് ഏറെക്കുറെ നമ്മുടെ ശ്വാസോച്ഛ്വാസത്തോട് ഒത്തു പോകുന്നതാണ്.

The Luminous Way: Sacramental Living for Young People

എന്ന ഗ്രന്ഥത്തിന്റെ പരിഭാഷ.
പരിഭാഷകൻ: ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ.



നമ്മൾ ബോധവാന്മാർ ആണെങ്കിലും ജീവിതത്തിന്റെ ഓരോ നിമിഷവും ജനനം മുതൽ മരണം വരെയും നാം ശ്വാസോച്ഛ്വാസം ചെയ്തുകൊണ്ടേയിരിക്കുന്നവരാണ്. എന്നാൽ നമ്മുടെ ശ്വാസോച്ഛ്വാസത്തെ ശരിയായ രീതിയിൽ ക്രമപ്പെടുത്തുവാൻ ശീലിക്കുന്നപക്ഷം ശാരീരികവും ആത്മീയവും ആയ നമ്മുടെ ആരോഗ്യത്തിന് ഉപയുക്തമാകുന്ന ചില അനുഭവങ്ങളിലേക്ക് നാം എത്തിച്ചേരുകയാണ്. വെറും സ്വാഭാവിക ശ്വാസോച്ഛ്വാസം ആത്മീയ, കൗദാശിക ശ്വാസോച്ഛ്വാസത്തിലേക്ക് മാറിവരും. ഇതോടെ ദൈവത്തോടുള്ള നമ്മുടെ ബന്ധം തന്നെ മാറ്റങ്ങൾക്ക് വിധേയമാകുന്നു. മറ്റുള്ളവരോടും ചുറ്റുമുള്ള ലോകത്തോടു തന്നെയുമുള്ള ബന്ധങ്ങൾക്ക് വ്യതിയാനങ്ങൾ ഉണ്ടാകുന്നു. നമുക്ക് ഒരു പുതിയ ദിശാബോധം കൈവരുന്നു; നമ്മളെപ്പറ്റിത്തന്നെ ഒരു പുത്തൻ അവബോധം രൂപപ്പെടുന്നു. ഇവിടെയും നമ്മുടെ ആശ്രയം നമ്മുടേതായ ബോധപൂർവമായ പരിശ്രമം അല്ല, മറിച്ച് ദൈവകൃപയാൽ നാം അനുഭവിക്കുന്ന ദൈവത്തിന്റെ സ്നേഹവും ദൈവത്തിൽ നിന്നുള്ള മനസലിവിന്റെ പാപക്ഷമയും മാത്രമാണ്. നാം ഓരോരുത്തരും ദൈവമക്കൾ ആണ്; യേശുക്രിസ്തുവിൽ കൂടി പിതാവായ ദൈവത്തിന്റെ സാമീപ്യം അനുഭവിക്കത്തക്കവണ്ണം ദൈവമക്കൾ എന്ന പദവി ഉപയോഗിക്കുവാൻ നാം പ്രാപ്തരാകുന്നു.

ചില ഉദാഹരണങ്ങൾ

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. വായനക്കാരൻ തന്റെ സ്വയനിർണയം അനുസരിച്ചുള്ള രീതികളെ ആശ്രയിച്ച് ഈ അഭ്യാസങ്ങളും ധ്യാനങ്ങളും ചെയ്യാവുന്നതാണ്. ഇത്തരം ധ്യാനാഭ്യാസങ്ങൾ പ്രാവർത്തികമാക്കുവാൻ ആദ്യംതന്നെ ശാന്തമായ, പുറമെ നിന്നുള്ള ശല്യങ്ങളൊന്നുമില്ലാത്ത ഒരു സാഹചര്യം ആവശ്യമാണ്. സാധ്യമെങ്കിൽ ഒരാൾക്ക് തനിച്ചുതന്നെ ഇവ ആരംഭിക്കാവുന്നതാണ്. തുടക്കത്തിൽതന്നെ സൗന്ദര്യത്തിന്റെ നിറവുള്ളതായ ഒരു

പ്രകൃതത്തിലേക്ക് സ്വയം പരിപാകപ്പെടുത്തേണ്ടതുണ്ട്.

ഭക്ഷണവും ഭക്ഷ്യരീതിയും

ഭക്ഷണം കഴിക്കുന്നതും പാനം ചെയ്യുന്നതുമെല്ലാം കുറച്ചു ശ്രദ്ധപതിപ്പിക്കുന്നുവെങ്കിൽ ഉയർന്ന കൗദാശിക അനുഭവങ്ങളാക്കി ഓരോ സമയത്തും ആക്കിത്തീർക്കാവുന്നതത്രെ.

ആദ്യമെ, മുമ്പിൽ വിളമ്പി വെച്ചിരിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളെ ശ്രദ്ധയോടെ ഒന്നു നോക്കുക. എത്ര മനോഹരമായിട്ടാണ് അവയെ ക്രമപ്പെടുത്തിയിരിക്കുന്നത്! വെറും ഒരു പാത്രം ചോറാണ് അതെന്ന് വിചാരിക്കുക. അതിന്റെ ആകൃതി, അതിൽ നിന്നു വരുന്ന സുഗന്ധം, വെന്ത ആ അരിമണികൾ ഇവയൊക്കെ എന്തെല്ലാം കാര്യങ്ങളാണ് നമുക്കു വെളിപ്പെടുത്തുന്നത്! ധാരാളം വ്യത്യസ്ത വിഭവങ്ങൾ ആഗ്രഹിക്കാതിരിക്കുക. ഉള്ളതുകൊണ്ട് തൃപ്തനാകുക. ധ്യാനപൂർവ്വം അവ ക്രമീകരിച്ചിരിക്കുന്ന രീതിയും അവയുടെ മനോഹരമായ നിറങ്ങളും കാണുകയും അവയിൽ സന്തുഷ്ടരാകുകയും ചെയ്യുക.

രണ്ടാമതായി, സ്നേഹം നിറഞ്ഞ ദൈവദാനമാണിവയെന്ന് ഓർക്കുക. ഭൂമിയും സൂര്യനും, വായുവും ജലവും, നിരവധി സ്ത്രീപുരുഷന്മാരുടെ കരങ്ങൾ, എണ്ണി തിട്ടപ്പെടുത്താൻ ആവാത്ത കോടാനുകോടി സൂക്ഷ്മജീവികൾ ഇവയെല്ലാം ചേർന്നു നടത്തിയ അദ്ധ്വാനത്തിന്റെ ഫലമാണ് ഇപ്പോൾ നിങ്ങളുടെ മുമ്പിൽ വിളമ്പി വെച്ചിരിക്കുന്ന ഈ ഒരു പാത്രം ചോറ്. ഹൃദയത്തിൽ നിന്ന് ഒഴുകിവരുന്ന കൃതജ്ഞത ദൈവസന്നിധിയിൽ സമർപ്പിക്കുക, സൂക്ഷ്മജീവികൾ മുതൽ ഇതിനു പിന്നിൽ പ്രവർത്തിച്ച ഓരോരുത്തരേയും അത് പാചകം ചെയ്ത കരങ്ങൾ വരെ ഓർമ്മിച്ച് അവരോട് നന്ദിയുള്ളവരാകുക. അതല്ല, നിങ്ങൾ സ്വയം പാചകം ചെയ്തുവെങ്കിൽ ആ പ്രക്രിയ നടന്നുകൊണ്ടിരിക്കുമ്പോൾ, പച്ചക്കറികൾ മുറിക്കുമ്പോഴും അതിൽ മസാലകളും മറ്റും ചേർക്കുമ്പോഴും ഒക്കെ തന്നെ ധ്യാനപൂർവം കൃതജ്ഞതയർപ്പിക്കുക. പാചകം ചെയ്ത ഭക്ഷണപദാർത്ഥങ്ങൾ ഭക്ഷിക്കുവാനുള്ളവരേയും പ്രാർത്ഥനാപൂർവ്വം മനസ്സിൽ ഓർക്കുക.

മൂന്നാമത്, നിങ്ങൾക്കൊപ്പം ഭക്ഷണം കഴിക്കുന്നവരോട് ചേർന്നു നിൽക്കുകയും അവരുടെ ആവശ്യങ്ങൾക്ക് ശ്രദ്ധ കൊടുക്കുകയും ചെയ്യുക. ഒരു ഹോട്ടലിൽ അപരിചിതർക്കൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കുമ്പോഴും അവരുടെ ആവശ്യങ്ങൾ കൂടി ശ്രദ്ധിക്കുക. ഭക്ഷണം കഴിക്കുമ്പോൾ നിങ്ങൾ തനിച്ചാണെങ്കിൽ ഏതാനും നിമിഷങ്ങൾ മൗനമായി ഇരിക്കുക. ദാരിദ്ര്യത്തിൽ വലയുന്നവരും ഒരു നേരം ഭക്ഷണത്തിന് വകയില്ലാത്തവരേയും രോഗകാരണങ്ങളാൽ ഭക്ഷണം കഴിക്കുവാൻ പ്രയാസപ്പെടുന്നവരേയും മറ്റു കാരണങ്ങളാൽ ഭക്ഷണത്തിനായി ബുദ്ധിമുട്ടുന്നവരെയും ഒരു നിമിഷം ഓർക്കുക. പരമ്പരാഗതമായി നമ്മുടെ ഇടയിൽ ഒരു പതിവ് നിലനിന്നിരുന്നു; ഓരോ ദിവസവും, ഓരോ നേരവും ഭക്ഷണം തയാറാക്കുവാനായി അരി കഴുകുമ്പോൾ ഒരു പിടി അരി എടുത്ത് മാറ്റി വെക്കുന്ന ഒരു രീതി നമ്മുടെ സ്ത്രീകൾക്കുണ്ടായിരുന്നു. ഏതാനും മാസങ്ങൾ കൊണ്ട് ഇത് ഒരു നല്ല അളവ് ആകുമ്പോൾ ബുദ്ധിമുട്ടുകൾ നേരിടുന്നവർക്കു കൊടുക്കുകയോ അല്ലെങ്കിൽ അത് വിറ്റു കിട്ടുന്ന പണം ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ചെലവിടുകയോ ചെയ്യുന്നതായിരുന്നു പതിവ്. ഇന്നത്തെ കാലത്ത് ആവശ്യത്തിന് അരി ഇല്ല എന്നൊരു പ്രയാസം പലർക്കും ഉണ്ടാകാത്ത സാഹചര്യത്തിൽ ദൈവിക ദാനങ്ങൾ മറ്റു വിധത്തിൽ പങ്കുവെയ്ക്കുവാൻ നമ്മൾ ശ്രദ്ധിക്കണം.

നാലാമത്, ഭക്ഷണം കഴിക്കുമ്പോൾ യാതൊരു കാരണവശാലും ഭക്ഷണത്തെ കുറ്റം പറയരുത്. എന്തെങ്കിലും തിരുത്തലുകൾ വരുത്തണമെന്നുണ്ടെങ്കിൽ, മറ്റു നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പിന്നീട് സാവകാശം പറയുന്നതാണ് നല്ലത്. ഭക്ഷണം വിശുദ്ധമാണ്, കഴിക്കുന്ന രീതിയും ശുദ്ധമായിരിക്കണം. ഈ വിശുദ്ധ പ്രവൃത്തിയിൽ വ്യാപൃതനായിരിക്കുമ്പോൾ പരാതികളോ കുറ്റപ്പെടുത്തലുകളോ ഒന്നും പാടില്ല.

അഞ്ചാമത്, ഒരിക്കലും ഭക്ഷണത്തോട് അമിതമായ ആസക്തി ഉണ്ടാകരുത്. തൃപ്തിയാവുന്നതുവരെ ഭക്ഷണം കഴിക്കുമ്പോൾ അത് ആവശ്യത്തിൽ കവിയരുത്, ഭക്ഷണം ദുർവിനിയോഗം ചെയ്യുകയുമരുത്. ഇത് ആരോഗ്യപരമായ കാരണങ്ങൾ കൊണ്ടു മാത്രമല്ല, മൃഗതൃഷ്ണയ്ക്കു മുകളിലായിരിക്കണം മനുഷ്യേച്ഛ എന്ന വിശുദ്ധ കാരണത്താൽ കൂടിയാണ്; അങ്ങനെയാണ് ഭക്ഷണം കഴിക്കുന്ന രീതിയ്ക്ക് കൗദാശിക ആത്മീയ പ്രകൃതം ഉണ്ടാകുന്നത്. ഇന്നത്തെ നമ്മുടെ ലോകം ഊർജ്ജ, വിഭവസമാഹരണത്തിൽ പോരായ്മ അനുഭവിച്ചുവരികയാണ്. മഹാത്മാഗാന്ധി പറയാറുണ്ടായിരുന്നത് പലരും ഓർമ്മിക്കുന്നുണ്ടാകണം: "എല്ലാ മനുഷ്യരുടെയും ആവശ്യങ്ങൾക്കു വേണ്ട ഭൂമി നമുക്കുണ്ട്, എന്നാൽ മനുഷ്യന്റെ അത്യാഗ്രഹം ശമിപ്പിക്കുവാൻ തക്ക ഭൂമി ഇല്ല എന്ന് അറിഞ്ഞിരിക്കണം." ഭക്ഷണം കഴിക്കുന്നതിനെ കൃതജ്ഞതാപൂർവമാണ് നിങ്ങൾ കാണുന്നതെങ്കിൽ നിങ്ങൾ അത് ആസ്വദിക്കുമെന്നു മാത്രമല്ല, ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ മിതത്വം പാലിക്കുകയും ചെയ്യും. അങ്ങനെ വരുമ്പോൾ നിങ്ങൾക്ക് ആന്തരിക സന്തോഷം പ്രതിഫലമായി ലഭിക്കും, ആരോഗ്യം മെച്ചപ്പെടും, ബന്ധങ്ങൾ ഊഷ്മളമാകും.

ആറാമത്, അനുഗ്രഹ വചനങ്ങൾ കൂടാതെ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ അരുത്. തുച്ഛമായ വിഭവങ്ങൾ ഉപയോഗിച്ച് ബഹുസഹസ്രം ജനങ്ങൾക്ക് ഭക്ഷണം ഒരുക്കിയവനാണ് യേശുക്രിസ്തു. സാധാരണ ഭക്ഷണപാനീയങ്ങൾ ചേർത്താണ് യേശുക്രിസ്തു വി. കുർബാന സ്ഥാപിച്ചത്. അപ്പം എടുത്ത് സ്വർഗ്ഗത്തിലേക്കു നോക്കി വാഴ്ത്തി, നുറുക്കി എല്ലാവർക്കും കൊടുത്തു. ഇതാകണം നമുക്കു മാതൃക. ഭക്ഷണത്തിനു മുമ്പുള്ള പരമ്പരാഗത പ്രാർത്ഥന നടത്തുവാൻ സാധിക്കാത്ത സാഹചര്യമാണെങ്കിലും കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ഭക്ഷണം കഴിക്കുന്നതിന് മുമ്പ് മൗനമായി അനുഗ്രഹിക്കുകയും നമുക്കുവേണ്ടി അത് പാചകം ചെയ്തവരെ ഓർക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

ഏഴാമത്, നോമ്പിന്റെ ദിവസങ്ങളിൽ വിലക്കപ്പെട്ട ഭക്ഷണവസ്തുക്കൾ കഴിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം. നമ്മുടെ ആത്മീയ മാതാവായ സഭ വിവേകപൂർവമാണ് നമുക്ക് ഭൗതികവും ആത്മീയവും ആയ ആരോഗ്യപരിപാലനം മുൻനിർത്തി ഉപവാസ കാലങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്. നോമ്പിന്റെയും ഉപവാസത്തിന്റെയും കാലങ്ങളിൽ പൊതുവെ നമ്മൾ സസ്യാഹാരികളായി മാറുന്നു. മാംസമോ, മൃഗഉൽപ്പന്നങ്ങളോ ഭക്ഷണത്തിൽ നിന്ന് മാറ്റി നിർത്തുന്നതുവഴി നമ്മുടെ ബൗദ്ധികാവസ്ഥയോ മാനസികാവസ്ഥയോ യാതൊരുവിധത്തിലും ക്ഷീണിക്കുന്നില്ല എന്ന് ഓർക്കണം. വാസ്തവത്തിൽ, ഏറെ ബൗദ്ധികനിലവാരം പുലർത്തുകയും വളരെ കഴിവുകൾ പ്രകടമാക്കുകയും ചെയ്തിട്ടുള്ള ചരിത്രത്തിലെ മഹത് വ്യക്തികൾ മിക്കവരും ലളിതമായ ഭക്ഷണക്രമങ്ങൾ പാലിച്ചവരായിരുന്നു. നിയന്ത്രിതമായ ഉപവാസവും കാലാകാലങ്ങളിൽ പ്രത്യേകതരം ഭക്ഷണപദാർത്ഥങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നതും അതോടൊപ്പം ശരിയായ പ്രാർത്ഥനാജീവിതം, മനസ്സലിവുള്ള സ്നേഹം, ക്ഷമ ഇവ പ്രാവർത്തികമാക്കുകയും ചെയ്യുന്നവരിൽ ശരിയായ ആത്മീയ ആനന്ദവും സൗഖ്യവും നിറയുന്നു എന്നാണ് കണ്ടു വരുന്നത്. പലരുടെയും അനുഭവത്തിൽ ഉപവാസത്താലും നിയന്ത്രിത ഭക്ഷണക്രമത്താലും മനസ്സിന്റെ സൂക്ഷ്മതയും ഓർമ്മശക്തിയും പാരമ്യാവസ്ഥയിൽ എത്തുന്നുവെന്ന് മനസിലാക്കുവാൻ സാധിക്കുന്നുണ്ട്.

ലളിതമായ ഭക്ഷണക്രമം പാലിക്കുന്നതുവഴി അല്ലെങ്കിൽ ഭക്ഷണം കൃതജ്ഞതാപൂർവ്വം എളിമയോടെ, സന്തോഷത്തോടെ, സ്നേഹത്തോടെ പങ്കുവെയ്ക്കുന്നതുവഴി നമ്മൾ വി. കുർബാനാനുഭവത്തിൽ ഭാഗഭാക്കാകുന്ന അനുഭവം ജീവിതത്തിൽ പകർത്തുകയാണ്, അതിന്റെ വിശാലമായ കൗദാശിക, ആത്മീയ അർത്ഥതലങ്ങളിൽ.

രണ്ടാഴ്ചക്കാലം ബോധപൂർവ്വം കൗദാശിക ഭക്ഷണ അഭ്യാസം പാലിക്കുവാൻ സാധിക്കുമെങ്കിൽ തീർച്ചയായും വിശേഷിച്ച് യാതൊരു അദ്ധ്വാനവും കൂടാതെ തന്നെ ഈയൊരു രീതി പ്രാവർത്തികമാക്കി ജീവിതം മുമ്പോട്ടു പോകുവാൻ നമ്മുടെ ഉപബോധമനസ് നമ്മെ ശക്തരാക്കും.

ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന

കർത്താവേ, നിന്റെ കൃപയാൽ ഭക്ഷിപ്പാനും പാനം ചെയ്യുവാനും നീ ഞങ്ങൾക്കു തന്നിട്ടുള്ള ആഹാരത്തെ വാഴ്ത്തണമേ; നിന്റെ കരുണയെ ഓർത്ത് നിന്റെ വിശുദ്ധ നാമത്തെ എന്നേക്കും സ്തുതിക്കുകയും വന്ദിക്കുകയും ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ, ആമ്മീൻ.

ഭക്ഷണത്തിനു ശേഷമുള്ള പ്രാർത്ഥന

ദൈവമായ കർത്താവേ, നിന്റെ കൃപയും വാഴ്വും നിമിത്തം നിനക്കു സ്തുതി; ഞങ്ങളെ തീറ്റി തൃപ്തരാക്കിയതിനാൽ നിനക്ക് നന്ദി; നിന്നെ സ്തുതിപ്പാനും നിന്റെ ഇഷ്ടം ചെയ്യുവാനും ഞങ്ങളെ യോഗ്യരാക്കണമേ, ആമ്മീൻ.

(തുടരും)

ഓർമ്മ

സഹജീവിസ്നേഹം കുടയാക്കി ഫിലിപ് റമ്പാൻ; അഭയമേകിയത് ആയിരങ്ങൾക്ക്

1977-ൽ ആന്ധ്രയിൽ ചുഴലിക്കാറ്റും പേമാരിയും ദുരിതം വിതച്ച സമയം. കൃഷ്ണ ജില്ലയിലെ രണ്ടു ഗ്രാമങ്ങൾ പുനർനിർമിക്കാൻ മലങ്കര ഓർത്തഡോക്സ് സഭ തീരുമാനിച്ചു. പക്ഷേ, പ്രളയഭീതി നിലനിൽക്കുന്ന ആന്ധ്രയിലേക്ക് ആ ദൗത്യത്തിനു നേതൃത്വം നൽകാനായി പോകാൻ വൈദികർ ആരും തയാറായില്ല. ഉപരിപഠനത്തിനായി ഈജിപ്തിലെ കയ്റോയിലേക്കു പോകാനുള്ള ഒരുക്കത്തിലായിരുന്നു ഫാ. കെ. ഐ. ഫിലിപ്. എന്നാൽ ആന്ധ്രയിലെ ദൗത്യത്തെക്കുറിച്ചു കേട്ടതോടെ വിദേശപഠനമെന്ന മോഹം ഉപേക്ഷിച്ച് ആന്ധ്രയിലേക്കു വണ്ടി കയറി. രണ്ടു ഗ്രാമങ്ങൾ പുനർനിർമിച്ചു. ഉന്നതപഠനത്തിലൂടെയല്ല, സഹജീവിസ്നേഹത്തിലൂടെ ദൈവത്തെ കണ്ടെത്തുകയാണു തന്റെ നിയോഗമെന്നു ഫിലിപ് തിരിച്ചറിയുകയായിരുന്നു. ആ വെളിപാട് വിവിധ സംസ്ഥാനങ്ങളിലായി ആയിരങ്ങൾക്കു തണലായി. പ്രകൃതിദുരന്തങ്ങളും രോഗങ്ങളും ഒറ്റപ്പെടുത്തിയവർ ആ തണലിനു കീഴെ അഭയം തേടി.

പിന്നീട് ഒഡീഷയിൽ ചുഴലിക്കാറ്റും ഗുജറാത്തിൽ ഭൂകമ്പവും കേരളത്തിൽ സൂനാമിയുമൊക്കെ ദുരിതം വിതച്ചപ്പോൾ അവിടെ പുതിയ ഗ്രാമങ്ങൾ സൃഷ്ടിക്കാൻ ഫിലിപ് റമ്പാൻ മുന്നിലുണ്ടായിരുന്നു. കുഷ്ഠരോഗികളുടെയും എയ്ഡ്സ് രോഗികളുടെയും മക്കൾക്കായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ബാലമന്ദിരങ്ങൾ ആരംഭിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കു പുതിയ ദിശാബോധം നൽകിയ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ ആദ്യശിഷ്യരിൽ ഒരാളായിരുന്ന ഫിലിപ് റമ്പാൻ ഗുരു







തെളിച്ച വഴിയിലൂടെയാണു ജീവകാരുണ്യമേഖലയിലെത്തിയത്. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് സ്ഥാപിച്ച പുതുപ്പാടി സെന്റ് പോൾസ് ബാലഭവനിലൂടെയാണ് ഫിലിപ് റമ്പാൻ ജീവകാരുണ്യപ്രവർത്തനങ്ങൾക്കു തുടക്കമിട്ടത്. രാജ്യത്തിന്റെ വിവിധയിടങ്ങളിലെ സേവനത്തിനുശേഷം മടങ്ങിയെത്തിയ അദ്ദേഹത്തിന്റെ അന്ത്യനിമിഷങ്ങളും അതേ ആശ്രമത്തിൽ തന്നെ.

അനാഥർക്കും അശരണർക്കും ഫിലിപ്പ് റമ്പാൻ എപ്പോഴും താങ്ങും തണലുമായിരുന്നു. ഇവർക്കായി സഭയയുടെ കീഴിൽ ആരംഭിച്ചിട്ടുള്ള മിക്ക സ്ഥാപനങ്ങളിലും ഈ വൈദികന്റെ കൈമുദ്ര പതിഞ്ഞിട്ടുണ്ട്. സ്കൂൾ തുറക്കുന്ന സമയത്ത് നിർധന വിദ്യാർഥികളുടെ വീടുകളിൽ വസ്ത്രങ്ങളും പുസ്തകങ്ങളുമായെത്തുന്ന റമ്പാന്റെ ചിത്രം മലബാറിലെ പഴയ തലമുറയുടെ ഓർമകളിലുണ്ട്. സേവന മികവിന് മലങ്കരസഭാ മിഷൻ ജ്യോതിസ്സ് സ്ഥാനം നൽകി സഭ 2019-ൽ ആദരിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആന്ധ്രപ്രദേശ്, ഒഡീഷ, ഗുജറാത്ത് സർക്കാരുകളുടെ ആദരം ഏറ്റുവാങ്ങിയ അദ്ദേഹത്തിന് ഒട്ടേറെ സംഘടനകളുടെയും പള്ളികളുടെയും പേരിലുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അവാർഡിനൊപ്പം ലഭിച്ച തുക ഉപയോഗിച്ചാണ് ബെംഗളൂരുവിൽ എയ്ഡ്സ് രോഗികളുടെ മക്കൾക്കായി ദയാഭവൻ നിർമിച്ചത്.



ഒഡീഷയിൽ ദുരിതാശ്വാസ പ്രവർത്തനത്തിനു നേതൃത്വ നൽകിയതിന് ഫിലിപ് റമ്പാൻ മുഖ്യമന്ത്രി നവീൻ പട്നായ്ക്കിൽനിന്നും പുരസ്കാരം ഏറ്റു വാങ്ങുന്നു.

ഓർമ്മ

ഫിലിപ്പ് റമ്പാച്ചന്റെ ജീവിതം കാരമുള്ള ഉപ്പിനു തുല്യം

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്

1957–ൽ ഒരു വേദപുസ്തകവുമായി ജോയിക്കുട്ടി എന്ന യുവാവ് മാവേലിക്കര സുവിശേഷാലയത്തിൽ വന്ന് 'എന്നെയുംകൂടി സുവിശേഷാലയത്തിൽ ചേർക്കണം' എന്ന് ആവശ്യപ്പെട്ടു. ജോയിക്കുട്ടിയോട് പി. എം. തോമസ് റമ്പാച്ചൻ പറഞ്ഞു. 'ഇവിടെ പട്ടിണിയാണ്. പട്ടിണി കിടക്കാം എന്നുണ്ടെങ്കിൽ ഇവിടെ കഴിയാം.' 'യേശുതമ്പുരാനും നമ്മുടെ കൂടെ പട്ടിണി കിടക്കുകയാണല്ലോ' എന്നായിരുന്നു ജോയിക്കുട്ടിയുടെ മറുപടി. ഇതു കേട്ട് സംതൃപ്തനായ പി. എം. തോമസ് റമ്പാച്ചൻ ജോയിക്കുട്ടിയെയും കൂടെ സുവിശേഷാലയത്തിലെ അംഗമായി സ്വീകരിച്ചു. ബലഹീനനായ എന്റെ ഇടംകൈയും വലംകൈയുമായി നിന്ന് പ്രവർത്തിച്ച ദൈവദാസന്മാരാണ് പി. എം. തോമസ് റമ്പാച്ചനും, കെ. ഐ. ഫിലിപ്പ് റമ്പാച്ചനും. ഇതിൽ, ഫിലിപ്പ് റമ്പാച്ചനാണ് ബാല്യകാലത്ത് ജോയിക്കുട്ടി എന്ന് അറിയപ്പെട്ടത്.

പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലിയിലേക്ക് പ്രവേശിക്കുന്ന എന്റെ വാത്സല്യ മകൻ ഫിലിപ്പ് റമ്പാച്ചന് എല്ലാവിധമായ അനുഗ്രഹങ്ങളും നേരുന്നു. പ. പൗലൂസ് ശ്ലീഹാ തീമോത്തിയോസിനെ പ്രബോധിപ്പിക്കുന്നപ്രകാരം 'സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട്, ലജ്ജിക്കുവാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളുന്നവനായി നിൽക്കുവാൻ' (2 തീമോ. 2:15) സാധിച്ച ശുശ്രൂഷകനാണ് ഫിലിപ്പ് റമ്പാച്ചൻ. തുടർന്നും, 'സകലത്തിലും നിർമ്മദൻ ആയിരിക്കുവാനും, കഷ്ടം സഹിച്ചും, സുവിശേഷത്തിന്റെ പ്രവൃത്തി ചെയ്ത്, ശുശ്രൂഷ നിറപടിയായി' (2 തീമോ. 4:5) നിവർത്തിക്കുവാനും ദൈവത്തിന്റെ ആത്മാവ് റമ്പാച്ചനെ ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അമ്പതു വർഷക്കാലത്തെ പൗരോഹിത്യ ജീവിതം മുഖാന്തരം ദൈവരാജ്യത്തിനായി ഏറെ യത്നിക്കുവാൻ റമ്പാച്ചന് കഴിഞ്ഞു എന്നത് നിസംശയമാണ്. വിളിക്കപ്പെട്ട അനുഭവത്തെക്കുറിച്ച് ഉത്തമബോദ്ധ്യം ഉണ്ടായിരുന്നതുകൊണ്ടാണ് എന്റെ വാത്സല്യ മകന് ഇത്രത്തോളം വിശ്വസ്തനായിരിക്കുവാൻ കഴിഞ്ഞത്. അല്പത്തിൽ വിശ്വസ്തനായിരുന്നതുകൊണ്ടാണ് സർവശക്തനായ ദൈവം റമ്പാച്ചനെ അധികത്തിൽ വിചാരകനാക്കി. റമ്പാച്ചന്റെ ജീവിതം ഒരു മാതൃകയാണ്. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അനേകം അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കുവാൻ ഫിലിപ്പ് റമ്പാച്ചന് കഴിഞ്ഞു. സഭയുടെ മിക്കവാറും മിഷൻ സ്ഥാപനങ്ങളുടെ ഇന്നത്തെ വളർച്ചയ്ക്ക് പുറകിൽ റമ്പാച്ചന്റെ ത്യാഗവും പ്രാർത്ഥനയും, പ്രവർത്തനങ്ങളും ഉണ്ട്.

ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ തോമസ് റമ്പാച്ചനും, ഇപ്പോഴും കർമ്മനിരതനായിരിക്കുന്ന ഫിലിപ്പ് റമ്പാച്ചനുമാണ് ഇന്നത്തെ പുതുപ്പാടിയുടെ ശിൽപ്പികൾ. തോമസ് അച്ചൻ 'അപ്പനായും' ഫിലിപ്പ് അച്ചൻ 'അമ്മയായും' നിന്ന് ബാലഭവനത്തിലെ കുഞ്ഞുങ്ങളെ ശുശ്രൂഷിച്ചു എന്ന് പലരും പറയാറുണ്ട്. മാർത്തയുടെയും മറിയയുടെയും സ്ഥാനമാണ് ഇവർ അലങ്കരിച്ചത്. ഇവരെ രണ്ടുപേരെയും ഓർത്ത് ദൈവസന്നിധിയിൽ സ്തോത്രം അർപ്പിക്കുന്നു.

പ്രിയ റമ്പാച്ചന്റെ മാതാപിതാക്കളേയും സന്യാസിനിയായിരുന്ന സഹോദരിയെയും യാത്രയാക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. സാമ്പത്തികമായി ഉയർന്ന സഹോദരങ്ങൾ ബാലഭവനത്തിന്റെ വളർച്ചയ്ക്ക് ദൈവം ഉപയോഗിച്ചവരാണ്.

ഇന്ത്യ മുഴുവനും യാത്ര ചെയ്ത് എല്ലാ മിഷൻകേന്ദ്രങ്ങളും സന്ദർശിക്കുന്ന റമ്പാച്ചൻ ദൈവം തന്ന ഒരു ദാനമാണ് എന്നതിൽ സംശയമില്ല. എളിയവരോടൊപ്പം ജീവിച്ച് അവരിൽ ഒരാളാകുവാനും, അവരിൽ ദൈവത്തെ കാണുവാനും റമ്പാച്ചന് കഴിഞ്ഞത് ആത്മീയതയുടെ വളർച്ചയാണ് വ്യക്തമാക്കുന്നത്.

വളരുവാനും വലിയവരാകുവാനും മാത്രമാണ് ആധുനികലോകം പരിശ്രമിക്കുന്നത്. ഇവിടെയാണ് ഫിലിപ്പ് റമ്പാച്ചനെപ്പോലെയുള്ളവരുടെ 'സ്വയം വെറുമയാക്കുന്ന' ആധ്യാത്മികത ശ്രദ്ധേയവും ദൈവികവുമായി തിളങ്ങി നിൽക്കുന്നത്. ചെറുതിനേയും എളിയവനേയും ആദരിക്കുമ്പോഴാണ് സ്വർഗ്ഗം ഒരുവനെ മാനിക്കുന്നത്. സ്വർഗ്ഗം മാനിക്കുന്നതാണ് യഥാർത്ഥ മാനം. ഉത്തരാധുനികതയുടെ കാലഘട്ടത്തിൽ അനേക ചുവടുമാറ്റങ്ങൾ എല്ലായിടത്തും ദൃശ്യമാണ്. ആത്മീയതയിലും സമൃദ്ധിയും ഐശ്വര്യവുമാണ് ആത്മീയതയുടെ അളവുകോൽ എന്ന് അറിയാതെ എല്ലാവരും ധരിച്ചുവയ്ക്കുന്നു. ഇത് ഒരു ചുവടുമാറ്റമാണ്. ഭൗതികസമൃദ്ധിയല്ല സുവിശേഷം എന്നും സ്വയം വെറുമയാക്കുകയും, പരിത്യാഗത്തിലൂടെ സമൂഹത്തെ വളർത്തുകയും ചെയ്യുന്നതാണ് 'സ്നേഹം' എന്ന് റമ്പാച്ചന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.



മുഖ്യ ഗുരുവായ മാർ ഒസ്താത്തിയോസിന്റെ അന്ത്യ പ്രഭാഷണത്തിന് മുഖ്യ ശിഷ്യനായ ഫിലിപ്പ് റമ്പാച്ചനും സാക്ഷി. രംഗം കോട്ടയം തിരുവാതുക്കൽ സെന്റ് പോൾസ് ബാലഗ്രാം ഉദ്ഘാടനവും തിരുമേനിയുടെ 94–ാം ജന്മദിനാഘോഷവും. 9–12–2011

ഉപ്പിന്റെ അനുഭവം കർത്താവ് പഠിപ്പിച്ചത് ഇവിടെയും പ്രസക്തമാണ്. സ്വയം അലിഞ്ഞ് രുചിയും, വളവും അണുനാശിനിയും ഒക്കെയായി രൂപാന്തരപ്പെടുന്ന കാരമുള്ള ഉപ്പിന്റെ അനുഭവമാണ് യഥാർത്ഥത്തിൽ ഫിലിപ്പ് റമ്പാച്ചന്റെ ജീവിതം. ദവ്യാഗ്രഹം ബാധിക്കാത്ത "ലളിതമായ' ജീവിതശൈലിയും ഏറെ പ്രശംസനീയമാണ്. ദ്രവ്യാഗ്രഹമാണ് സകലവിധ ദോഷത്തിനും മൂലം (2 തിമോ. 6:10). അമിതമായ ഭൗതിക ആർത്തികൾ ഏറുമ്പോൾ ആന്തരിക മനുഷ്യൻ നിഷ്പ്രഭനാകുന്നു. രോഗവും പ്രായവും അവശതകളും ആക്രമിച്ചിട്ടും, മുറുകെപ്പറ്റുന്ന സകല ഭൗതികമായതിനെയും വിട്ട് എറിഞ്ഞ് കുരിശിലേക്ക് നോക്കി ഓടുവാൻ സാധിക്കുന്നത്, റമ്പാച്ചന്റെ 'ആർത്തി ഇല്ലാത്ത' 'ദ്രവ്യാഗ്രഹം തീണ്ടാത്ത' ലളിതമായ ജീവിതം മൂലമാണ്. ഇത്തരം ലാളിത്യമാണ് നസ്രായനായ ക്രിസ്തു പഠിപ്പിച്ചതും.

പ്രിയ മകനെക്കുറിച്ച് ഏറെ എഴുതുവാനുണ്ട്, എങ്കിലും നമ്മുടെ പ്രായത്തിന്റെ അവശതകൾ അതിന് സമ്മതിക്കുന്നില്ല. ബഹുമാനമുള്ള വാർദ്ധക്യവും, ആശ്വാസത്തോടുകൂടിയ ദീർഘായുസും ദൈവംതമ്പുരാൻ റമ്പാച്ചനു നൽകുമാറാകട്ടെ. വിചാരങ്ങളിലും വചനങ്ങളിലും പ്രവൃത്തികളിലും അവിടുത്തെ കാരുണ്യവും കൃപയും തന്റെ അഭിഷിക്തന്റെ മേൽ ചൊരിയുമാറാകട്ടെ. റമ്പാച്ചനെപ്പോലെയുള്ളവരെ ദൈവത്തിന്റെ സഭയിൽ ഇനിയും എഴുന്നേൽപ്പിക്കണമേ എന്ന് പ്രാർത്ഥിക്കുന്നു. ഏല്പിക്കപ്പെട്ട താലന്തുകൾ വിശ്വസ്തമായി ഉപയോഗിച്ച്, വിശ്വസ്ത കലവറക്കാരനായി പന്ത്രണ്ട് ശ്ലീഹന്മാരോടുകൂടെ ദൈവത്തിന്റെ വലതുഭാഗത്തു നിന്ന് സ്തുതിപാടുവാൻ തക്കവണ്ണം കൃപകൾ ശിഷ്ടായുസിലും ചൊരിഞ്ഞുതരുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

(1–11–2011–ൽ എഴുതിയത്)

ഓർമ്മ

ദൈവിക കൃപകളാൽ അതിധന്യൻ

ഗീവർഗീസ് മാർ കൂറിലോസ്



ദൈവത്തിനുവേണ്ടി എന്ത് ചെയ്യാനാവും? തിരുനാമ മഹത്വത്തിനായി നിരന്തരമായി പ്രവർത്തിക്കുന്നത് എപ്രകാരമായിരിക്കണം? സാധാരണക്കാരുടെ അവശ്യ കാര്യസാദ്ധ്യത്തിനായി എങ്ങനെ അദ്ധ്വാനിക്കണം? എന്നിത്തരം ചോദ്യങ്ങൾ മനസ്സിലിട്ട് നിരന്തരം ചോദിച്ചു സർവ്വശക്തനായ ദൈവത്തിൽ നിന്നു വ്യക്തമായ ഉത്തരംതേടി വർഷങ്ങളായി വിശ്രമമില്ലാതെ രാവും പകലും അദ്ധ്വാനിച്ച ഒരു അത്യപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയാണ് വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാൻ. അദ്ദേഹത്തെ വർഷങ്ങൾക്കു മുമ്പ് പരിചയമായ നാൾമുതൽ ഇന്നോളം വിസ്മയഭരിതനായി വീക്ഷിക്കുകയും കൗതുകത്തോടെ ശ്രദ്ധിക്കുകയും, ചെയ്തതിലുപരിയായി നിർവ്യാജമായ സ്നേഹാദരങ്ങളാണ് നാളിതുവരെ തോന്നിയിട്ടുള്ളത്. റമ്പാച്ചനെ അനുസ്മരിക്കുമ്പോൾ തികഞ്ഞ അഭിമാനവും, അതിലേറെ സംതൃപ്തിയുമാണ് അനുഭവവേദ്യമാകുന്നത്.

ആന്ധ്രായുടെ തീരങ്ങളിൽ അതിശക്തമായ കൊടുങ്കാറ്റും പേമാരിയും സംഹാരതാണ്ഡവമാടിയതിന്റെ ഫലമായി അനേകായിരങ്ങൾക്ക് പലവിധമായ നാശനഷ്ടങ്ങളും, മാനസിക പീഡനങ്ങളും സഹിക്കേണ്ടിവന്ന സമയത്ത് അവരുടെ മദ്ധ്യത്തിലേക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ കരുതലിന്റെയും സ്നേഹത്തിന്റെയും തൂവൽസ്പർശമായി കടന്നുചെന്ന് ആശ്വാസവും സമാധാനവും സന്തോഷവും പകർന്ന ഭാഗ്യസ്മരണാർഹനായ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം ദുരിതാശ്വാസ ശുശ്രൂഷകൾ ഏറ്റെടുത്ത് വൻ വിജയമാക്കിയ റമ്പാച്ചന്റെ ചിത്രമാണ് പലരുടേയും സ്മരണയിൽ ആദ്യമായി തെളിഞ്ഞു വരുന്നത്.

ആന്ധ്രായിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിച്ചശേഷം കണ്ടുമുട്ടിയ, കുഷ്ഠരോഗികളുടെ രോഗമില്ലാത്ത കുഞ്ഞുങ്ങൾക്കായി ഒരു ഭവനം വേർതിരിച്ച് ക്രമീകരിച്ചു. നൈരാശ്യത്തിൽ കഴിഞ്ഞുപോന്ന മാതാപിതാക്കൾക്ക് ആശ്വാസവും സമാധാനവും കുഞ്ഞുങ്ങൾക്ക് ആശാവഹമായ ഭാവിജീവിതങ്ങൾ കരുപ്പിടിപ്പിക്കുവാൻ പര്യാപ്തമായ സാഹചര്യങ്ങളും സൗകര്യങ്ങളും യാച്ചാരം ബാലഭവനിൽ കോർത്തിണക്കി കുഞ്ഞുങ്ങൾക്ക് ആരോഗ്യത്തോടെ സസന്തോഷം വസിക്കുവാനും ഉന്നത വിദ്യാഭ്യാസവും, അടുക്കും ചിട്ടയുമുള്ള ജീവിതശൈലി പിൻപറ്റുവാനുമുള്ള മാർഗ്ഗങ്ങളും ചുരുങ്ങിയ കാലയളവിൽ ക്രമീകരിച്ചതിൽ റമ്പാച്ചന്റെ വൈശിഷ്ട്യം പ്രകടമാകുന്നു. ചെറിയ തോതിൽ തുടങ്ങിയ യാച്ചാരം ബാലഗ്രാം ഇന്നത്തെ നിലയിലും ഉന്നത നിലവാരത്തിലും ആയിത്തീരാൻ റമ്പാച്ചൻ വഹിച്ച നേതൃത്വം എത്ര പ്രശംസിച്ചാലും മതിയാവില്ല.

മഹാരാഷ്ട്രയിൽ ഭൂകമ്പക്കെടുതികൾ ഉണ്ടായപ്പോഴും പ. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് റമ്പാച്ചനെ തന്നെയാണ് നിയോഗിച്ചത്. എവിടെയായാലും എപ്പോഴായാലും എങ്ങിനെയായാലും തന്നാലാവത് മനുഷ്യ ജീവരക്ഷയ്ക്കും, ദൈവതിരുനാമ മഹത്വത്തിനുമായി വിനിയോഗിക്കുന്നതിൽ വന്ദ്യ റമ്പാച്ചൻ കാണിച്ചുവരുന്ന ഉത്സാഹവും താത്പര്യവും നിഷ്ക്കർഷയും ഏറെ പ്രശംസനീയമാണ്. ഗുജറാത്തിലും മറ്റും ഉണ്ടായ ഭീകരാവസ്ഥയ്ക്ക് ശമനവും ശാന്തിയും വരുത്തുവാൻ തക്കവണ്ണം പ. സഭയുടെ പേരിലുള്ള ദീനദയാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും റമ്പാച്ചനെ തന്നെയാണ് പ. സഭ നിയോഗിച്ചതും ചുമതലയേല്പിച്ചതും. ഗുജറാത്തിൽ പ. സഭ ദത്തെടുത്ത ഗ്രാമങ്ങളുടെ പുനർ നിർമ്മാണം നിശ്ചിത സമയത്തിന് മുമ്പു തന്നെ തീർത്ത് ഏവരുടെയും പ്രശംസയും അംഗീകാരവും നേടിയെടുത്തു.

അവിചാരിതവേളകളിൽ അപ്രതീക്ഷിതമായി നാടിനെയും നാട്ടാരെയും നടുക്കുംവിധമുള്ള പ്രകൃതിക്ഷോഭങ്ങളിലും കെടുതികളിലും അലയുന്നവരെ സഹായിക്കുന്ന രക്ഷണ്യപ്രവർത്തനങ്ങൾ പ. സഭയുടെ സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ എത്തിക്കുവാൻ തക്കവിധം രൂപീകരിച്ച Narsoc (National Relief Service of Orthodox Church) എന്ന സംഘടനയുടെ സ്ഥാപനത്തിലും ചലനാത്മകമായ പ്രവർത്തനങ്ങളിലും മുൻനിരക്കാരനായി വന്ദ്യ റമ്പാച്ചൻ ഉണ്ടെന്നുള്ളത് ഏറെ സന്തോഷകരമായ അനുഭവമാണ്. ഞാൻ അദ്ധ്യക്ഷനായ പ്രസ്തുത പ്രസ്ഥാനത്തിന്റെ ശക്തിയും ആവേശവും റമ്പാച്ചൻ തന്നെയാണ്. സുനാമി ദുരിതം നമ്മുടെ നാടിന്റെ തീരങ്ങളിൽ നാശനഷ്ടങ്ങൾ വിതച്ചപ്പോൾ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ Narsoc-ന്റെ നേതൃത്വത്തിൽ നടത്തിയ സേവനങ്ങൾ ഏറെ പ്രയോജനപ്പെടുകയും ശ്രദ്ധിക്കപ്പെടുകയുമുണ്ടായി. അതുപോലെതന്നെ mocsha എന്ന പ്രസ്ഥാനത്തിന്റെ രൂപവത്ക്കരണത്തിലും റമ്പാച്ചന്റെ പങ്കും സംഭാവനയും വളരെ വിലപ്പെട്ടതാണ്. വന്ദ്യ റമ്പാച്ചനുമായി ചേർന്ന് എനിക്ക് പ്രവർത്തിക്കാനായ മറ്റൊരു വേദിയാണ് പൂനയിലെ പെൺകുട്ടികൾക്കായുള്ള സെന്റ് ജോർജ്ജ് ബാലികാഗ്രാം. മുംബൈ ഭദ്രാസനത്തിന്റെ ചുമതലയേറ്റനാൾ മുതൽ ഞാൻ ഈ പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡണ്ടാണ്. പൂനയിലെ മലങ്കരസഭയുടെ മിഷന്റെ പ്രതീകമായ സെന്റ് ജോർജ്ജ് ബാലികാഗ്രാമിന്റെ പ്രവർത്തനത്തിന്റെ ഭാഗമായും, അന്തേവാസികളുടെ സുരക്ഷിതത്വവും അനുഗ്രഹകരമായ ഭാവിയും മുൻകണ്ടുകൊണ്ട് റമ്പാച്ചന്റെ ഉത്സാഹത്തിൽ സ്ഥാപിച്ച സ്കൂൾ ഇന്ന് സഭയ്ക്ക് അഭിമാനിക്കാൻ വകയേകുന്ന മേൽത്തരം വിദ്യാഭ്യാസ സ്ഥാപനമായി ഉയർന്നിരിക്കുന്നു.

പ. സഭ അശരണരുടെ സേവന ശുശ്രൂഷയിൽ ഉറ്റിരിക്കണമെന്നും പ. സഭയുടെ ദർശനഘടനയിൽ മുഖ്യ പ്രാധാന്യം ഈ മേഖലയിൽ ആയിരിക്കണമെന്നും സർവ്വാത്മനാ ഊന്നൽ കൊടുത്തിരിക്കണമെന്നും വന്ദ്യ റമ്പാച്ചന്റെ എന്നുമെന്നുമുള്ള സ്വപ്നങ്ങളിൽ പ്രമുഖമായതാണ്. സ്വപ്ന സാക്ഷാത്ക്കാരത്തിനായുള്ള സ്വയസമർപ്പണം ഏറെ അത്ഭുതകരമാണ്. ഏതൊരാളെയും ഹഠാദാകർഷിക്കുംവിധമാണ് അതിന്റെ ശൈലി. ഭാരതത്തിന് വെളിയിലേക്കും വിശിഷ്യാ ആൻഡമാൻസിലേക്കും ആഫ്രിക്കയിലേക്കും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തത്രപ്പെട്ടു വരികയായിരുന്നു. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുവാൻ റമ്പാച്ചൻ കാട്ടിയതും കാട്ടുന്നതുമായ ഉത്സാഹവും, ആത്മാർത്ഥതയും എത്ര പ്രശംസിച്ചാലും



മതിയാവുകയില്ല. റമ്പാച്ചന് ഇടക്കാലത്തുണ്ടായ ശാരീരിക പ്രയാസങ്ങളിൽ നിന്നും വിമോചനം നേടിയ നിമിഷം മുതൽ മുമ്പ് ചെയ്തിരുന്നതിനേക്കാൾ ഏറെ ശക്തിയോടും ആവേശത്തോടും പ്രവർത്തിച്ചു വരുന്നത് കാണുമ്പോൾ ഉണ്ടാകുന്ന സന്തോഷവും സംതൃപ്തിയും വാക്കുകൾക്ക് അതീതമാണ്.

ദൈവരാജ്യ കെട്ടുപണിയിൽ പാവപ്പെട്ടവരുടെയും അശരണരുടെയും പരസഹായം ആവശ്യമായവരുടെയും നൊമ്പരങ്ങളും വേദനകളും ഏറ്റു നടത്തി അവരെ സ്വസ്ഥരാക്കുകയെന്നത് അതിപ്രധാനമായ ദൗത്യമായി റമ്പാച്ചൻ കരുതുകയും വിശ്വസിക്കുകയും ചെയ്യുന്നു. ഓരോ കാര്യനിർവഹണത്തിലും റമ്പാച്ചൻ കാട്ടുന്ന സമർപ്പണം ഏറെ ശ്രദ്ധേയമാണ്. സാമൂഹ്യക്ഷേമ പ്രവർത്തകർക്ക് മാതൃകയാക്കാവുന്ന ഒരു ജീവിതശൈലിയാണ് റമ്പാച്ചന്റേത്. റമ്പാച്ചന്റെ ദർശനം വളരെയേറെ ഹൃദ്യമാണ്. നമ്മുടെ കർത്താവിന്റെ ആർദ്രതയും സഹാനുഭൂതിയും അർഹിക്കുന്ന ഏവർക്കും ജാതിമത ഭാഷാഭേദങ്ങൾ കൂടാതെ എത്തിക്കണമെന്നാണ് റമ്പാച്ചന്റെ ദർശനങ്ങളിലെ പ്രഥമ ഇനം. റമ്പാച്ചന്റെ പ്രവർത്തനശൈലിയിലെ പ്രതിജ്ഞാബദ്ധത ഏറെ ശ്ലാഘനീയമാണ്. ഏറ്റെടുക്കുന്ന ഓരോ ദൗത്യവും വിജയിക്കുംവരെ വിശ്രമമില്ലാതെ നീങ്ങണമെന്നാണ് റമ്പാച്ചന്റെ ആപ്തവാക്യം. അതുപോലെതന്നെയാണ് റമ്പാച്ചന്റെ ദൃഢനിശ്ചയവും സംഘാടകശക്തിയുമാണ് ഓരോ പ്രവർത്തനത്തെയും വിജയത്തിലെത്തിക്കാൻ സഹായകമായത്. സർവ്വശക്തനായ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ് റമ്പാച്ചനെ എന്നും നയിച്ചിട്ടുള്ളതും ഇന്നും നയിക്കുന്നതുമായ പ്രേരകശക്തി. ഏത് പ്രവർത്തനവും ആരംഭിക്കും മുമ്പ് ദൈവഹിതത്തിന് പ്രാമുഖ്യം നൽകിയും സാധാരണക്കാരിൽ സാധാരണക്കാരായവരുടെ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകിയും പ്രവർത്തിച്ചുവന്ന റമ്പാച്ചൻ തികച്ചും ദൈവഹിത നടത്തിപ്പിൽ വിജയിച്ച് വന്നുവെന്നത് സഭയ്ക്ക് അഭിമാനം നൽകുന്നു. റമ്പാച്ചൻ ആയിരക്കണക്കിന് ജനഹൃദയങ്ങളിൽ ആശ്വാസത്തിന്റെ കുളിർതെന്നലായി പരിലസിക്കുന്നു. ഫാ. ഡാമിയനെപ്പോലെയും മദർ തെരേസ്സയെപ്പോലെയും ആതുരരെയും അശരണരെയും സ്നേഹിക്കുവാനും കരുതുവാനും പരിചരിക്കുവാനും കാട്ടിവരുന്ന ദിവ്യചിന്താഗതി ഏറ്റവും ശ്രേഷ്ഠം തന്നെ. ❑



പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഏർപ്പെടുത്തിയ ആറാം മാർത്തോമ്മാ അവാർഡ് ഏറ്റുവാങ്ങുന്നു.





Statement from the President of the Department of Ecumenical Relations on the situations prevailing in Malankara, India

We issue this statement as a means of explaining the unfortunate situation which has existed in the Malankara Orthodox Syrian Church. This is being sent now because of the blatant false information which is being circulated to deceive the greater Christian Church, and innocent people and specially to tarnish name of the Malankara Church. As a result, the Malankara Church, the children of Saint Thomas, find ourselves living the very prayer of the Prophet David "O Lord, deliver my soul from unjust lips and from a deceitful tongue" (Psalm 119:2).

Out of our love and sincere hope for unity and reconciliation, the Malankara Orthodox Syrian Church has remained silent to the painting of lies and deception and has been bearing the violence inflicted upon us. To this very hour, we remain hopeful that the High Priestly prayer of our Lord will be fulfilled in Malankara: "that they all may be one…" (John 17:21). We remain committed to reconciliation, and unity so we may continue to witness the Orthodox faith and the work of Saint Thomas in the land of India.

The tradition of Saint Thomas in our Church is a sacred reality and truth. It is through the witness, preaching, and teaching of Saint Thomas, the Disciple of our Lord, our ancestors received the sacred Gospel. The very apostolic work of our Father in Christ remains standing through the very churches he established, and the very vibrant bodies of water where he baptized our ancestors. We keep this truth to our hearts, just like any other Apostolic Church holds the life and work of the evangelizer to their land.

Being an ancient Apostolic Church, we adhere to the principles of Ecclesiology according to the Orthodox Church, and we value the autocephaly and autonomy of our Church. At the time of great crisis in our Church we have received the good-hearted assistance of our sister Church, the Syriac Orthodox Church. This assistance helped to unite the Church in the faith, and drive out whatever dazzling heresies that crept into the Church, be it Roman Catholicism or Protestantism. Receiving such help from the sister Churches are quite common among the Orthodox Churches, especially in the early periods. It is historically known that Saint Jacob Baradaeus received his ordination from the Alexandrian Church. Yet, the Syriac Orthodox Church could continue with their fraternal relations with the Coptic Church without being intervened by the latter in any way.

However, in Malankara, this spiritual assistance from the Syriac Orthodox Church turned into one of control, specifically in temporal matters. This included overstepping boundaries, dismissing the role of the Malankara Metropolitan, and usurping control of our Churches and Dioceses.

A faction arose in favour of the Patriarchate of Antioch and this led to disputes which started in the early twentieth century. Unfortunately, both factions were unable to reach a settlement and turned to the civil courts in India for a solution. It is important to remember, both groups were willing to accept whatever verdict the courts rendered. In 1958, the Apex Court of India gave the verdict in favour of the Malankara Orthodox Syrian Church. By the Grace of God, peace was established with the consensual agreement that the whole Church will be functioning thereafter in accordance to the Constitution of the Malankara Church as drafted in 1934, which was also upheld by the Apex Court of India.

The Malankara Orthodox Syrian Church enjoyed peace and unity for more than a decade. The period of unity could be marked as the glorious age of the Church. The very first blow to the peace and unity of the Malankara Church was from the most unsuspected person, His Holiness Patriarch Yakob III, who was a signatory to the letters of mutual acceptance and a great supporter of a united Malankara Church. His Holiness issued a painful letter questioning the very priesthood of Saint Thomas. This was a violent stab into the heart of Indian Christianity and not merely to the Orthodox faithful in India. This letter reopened the painful wounds of the past which the Malankara Church was attempting to heal.

Turning a blind eye to the administrative structure the Malankara Church and the Patriarch were adhering to since 1958, the Patriarchate of Antioch consecrated two Metropolitans from the Malankara Church. This act of defiance of the Constitution of the Church was clearly a dismissal of the very exhortation of Saint Paul "but all things must be done properly and in an orderly manner" (1 Corinthians 14:40). These uncanonical dismissive acts caused the Malankara Church to shatter into schism. Disputes led to litigations, and the rightful owners of the parishes were brutally manhandled and kicked out of their churches from 1974 onwards by the supporters of the Patriarch of Antioch. There were even over a thousand cases where burial rites were denied to the faithful of the Malankara Orthodox Syrian Church.

Beloved, even our own faithful were murdered in cold blood, with the "blessing" of certain hierarchs of the Patriarchal faction. Churches have been broken into by leaders of the Patriarchal group to celebrate the "Divine Liturgy", which included manhandling of our clergy and innocent seminarians. We have never retaliated to such violence only to remain calm and resistant to such things. Despite all of this, we still remained hopeful and our eyes fixed on peace, unity and reconciliation. After many rounds of peace talks on various levels, the matter was once again taken to the courts of India. In 1995, after a laborious process of two decades, the Supreme Court of India pronounced a verdict which gave ample space for reconciliation through the frame work of the Constitution of the Church.

This verdict was celebrated and welcomed by His Holiness Patriarch Ignatius Zakka Iwas, by saying that the faction favoured the Patriarch should accept the verdict and thereby the Church will be united again. More explicitly His Holiness wrote "As per the Supreme Court decisions in 1958 and 1995 two groups are inside the Malankara Church." In 2002, the Malankara Association, which is the 'Parliament' of the Malankara Church, was conducted under the supervision of the Apex Court of India. Unfortunately, this group with vested interests, and pretending to be loyalists to the Patriarchate of Antioch, refused to participate. This is after they agreed in the court of law to participate, and even offering the stipulated amounts to assist with costs of the joint meeting. The same day of this Malankara Association they held another meeting creating a parallel administration, thus closing the door for unity and reconciliation. To make things worse, the Patriarch had consecrated a rival Catholicos in India. This eventually brought the matters back to the Court.

On 3rd July 2017 the Apex Court gave the final verdict, which completely ruled out the possibility of the existence of a parallel administration. The verdict clearly pronounced the parallel structure as null, void and illegal. This gives the space for reconciliation again, obviously abiding to the legally valid Constitution which both sides had accepted once.

Today, our brethren falsely claim they are being thrown out of their

churches. Not a single faithful who is willing to adhere to the Canons of the Church and abide by the law of the land has been excluded from any of the parishes. Sacraments and other pastoral care will be rendered by the canonically appointed priest of the Parish.

Again, His Holiness Patriarch Ignatius Zakka Iwas, can be quoted from his Apostolic Bull addressed to his supporters in January 1999 saying, "you were always adamant in your attitude. In the first instance the other group was ready to make peace on the basis of the judgement of the Hon. Supreme Court and the Constitution. At that time, you withdrew from the conciliation talks. You won't think for the better future of our Church there."

The insistence and refusal for such unity by our brethren might be due to the decades of financial mismanagement, by the so-called Malankara Jacobite Syrian Orthodox Church. It is due to this the Patriarch of Antioch issued a directive to his Metropolitans in Malankara, that there should be transparency in the financial activities of all parishes, Dioceses, and institutions of the Church.

Our brethren claim they are being persecuted for their faith, which is a bold faced lie. We belong to the Oriental Orthodox family of churches. None of these churches, nor any jurisdiction of the Eastern Orthodox Churches hold onto the theological principle of Petrine Supremacy/Infallibility. Our brethren teach that the successor of the Apostle Peter, who is the Patriarch of Antioch, is the sole custodian of all Divine Grace and he alone has the authority to consecrate bishops. And that, only the Holy Chrism consecrated by his hands has the grace of the Holy Spirit in it. These contradict the basic Orthodox ecclesiological precepts.

We all are children of one Orthodox Church in India. There are no theological differences, as seen in the expression of the faith – the liturgy. Innocent faithful are being used as pawns for the worldly gains of hierarchy in the Jacobite faction. This is well known to the Patriarchate of Antioch as His Holiness is the recipient of innumerable formal complaints submitted by the laity. There is not a single soul being persecuted for the Orthodox Christian faith in India, as falsely claimed. To identify themselves as victims of persecution is not only absurd but insulting to those who are truly being persecuted for the Christian faith in the Middle East and Egypt.

The Malankara Orthodox Syrian Church has never, nor will ever prevent any of the faithful to worship in their church. All church buildings and other sacred institutions are not being confiscated by any person(s) as grossly misinformed. Rather, such institutions are being administered to ensure this does not happen as the Church belongs to the people of God, and cannot be usurped by any authority, neither domestic or foreign.

Dear brothers and sisters in Christ, there is great work to do in India, both on social and evangelistic levels.

People are dying alone due to COVID-19 and other ailments. People are yearning to have their souls nourished by the Orthodox faith. The Malankara Orthodox Syrian Church has been echoing for decades, let us come together and do the work of the Gospel. This is Christ's Church, this is your Church, this is our Church - we are one!

We ask for your prayerful intercession that God will hear our prayers, and our brethren will let the spirit of God to work as well.

Metropolitan Zachariah Mar Nicholovos
President of the Department of Ecumenical Relations
Malankara Orthodox Syrian Church

August 28, 2020

മലങ്കര സഭാ മിഷനറി ജ്യോതിസ് കെ. ഐ ഫിലിപ്പ് റമ്പാന്റെ ശവസംസ്കാര ശുശ്രൂഷ





ശാന്തിഗ്രാമിന്റെ പ്രാരംഭകൻ

ഫാ. പി. എ. ഫിലിപ്പ്

ദൈവസന്നിധിയിലേക്കു വാങ്ങിപ്പോയ ഭാഗ്യവാനായ വന്ദ്യ കെ. ഐ. ഫിലിപ്പ് റമ്പാച്ചനെ അനുസ്മരിക്കുവാൻ ധാരാളം കാര്യങ്ങൾ ഉണ്ട്. എന്റെ ഓർമ്മയിലുള്ള ഒരു കാര്യം മാത്രം എഴുതുന്നു.

1996-ൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്ത ശേഷം അദ്ദേഹത്തിന്റെ സ്മരണ നിലനിറുത്തുവാൻ തിരുമേനി വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്ത ആദർശങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു സംരംഭം ഡൽഹിയുടെ പരിസരത്ത് എവിടെയെങ്കിലും ഉണ്ടാവണമെന്ന ഒരു ആഗ്രഹം ഡൽഹി ഭദ്രാസന കൗൺസിൽ പ്രകടിപ്പിച്ചിരുന്നു. അന്ന് ഭദ്രാസന സെക്രട്ടറിയായിരുന്ന ഞാൻ ഈ വിവരം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോട് സംസാരിച്ചു. തിരുമേനി നിർദ്ദേശിച്ചതനുസ്സരിച്ചു കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ ഡൽഹിയിൽ വന്നു കുറെ ദിവസ്സങ്ങൾ എന്നോടൊപ്പം താമസിച്ച് ഇക്കാര്യത്തിൽ ചില നിർണ്ണായക ചുവടുവയ്പുകൾ നടത്തുകയുണ്ടായി. ഹരിയാനയിലെ ഫരീദാബാദിനു അടുത്ത് മണ്ഡവർ എന്ന ഒരു ഉൾഗ്രാമത്തിൽ ചില സ്ഥലങ്ങൾ പോയി കണ്ടു. ആ ഗ്രാമത്തോട് ചേർന്നുള്ള 9 ഗ്രാമങ്ങളുടെ സമഗ്ര വികസനം എന്ന ലക്ഷ്യം മുൻനിറുത്തി ഒരു സ്വപ്നപദ്ധതി തയ്യാറാക്കി. ഹൗസ്കാസ് സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയുടെ സഹകരണത്തോടെ മണ്ടവറിൽ 20 ഏക്കർ സ്ഥലം വാങ്ങി പ്രവർത്തനം ആരംഭിച്ചു. വൈദ്യുതിയോ ശുദ്ധജലമോ, അടിസ്ഥാന സൗകര്യങ്ങളോ ഒന്നുമില്ലാത്ത ഒരു ഉത്തരേന്ത്യൻ ഗ്രാമത്തിൽ ഫിലിപ്പ് റമ്പാച്ചൻ മാസങ്ങളോളം താമസിച്ചു ആ പ്രൊജക്റ്റ് ഒരു യാഥാർഥ്യമാക്കി. അതിനായി അദ്ദേഹം സഹിച്ച ത്യാഗങ്ങൾ, കഷ്ടപ്പാടുകൾ ഇതൊക്കെ നേരിട്ട് കാണുവാനും അദ്ദേഹത്തോടൊപ്പം കൈകോർത്തു പ്രവർത്തിക്കുവാനും അവസ്സരം ലഭിച്ചു. ആ പ്രൊജക്റ്റ് ആണ് ഇന്ന് ഡൽഹി ഭദ്രാസനത്തിന്റെ അഭിമാനമായ ശാന്തിഗ്രാം. ആ മണ്ണിൽ റമ്പാച്ചൻ ഒഴുക്കിയ വിയർപ്പും കണ്ണുനീരും ഒരിക്കലും സഭയ്ക്ക് വിസ്മരിക്കാനാവില്ല. റമ്പാച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. ❑

List of churches which re-united to Malankara Orthodox church after supreme court verdict on 3 July 2017 (updated till 9 September 2020)

Kandanad west Diocese

1) St Mary's cathedral, Kandanad, Ekm
2) St Peter's and St Paul's, Kolenchery, Ekm
3) St George, Kadamattom, Ekm
4) St Peter's and St Paul's Puthercruz, Ekm
5) Mar Yuhanon Ehidio, Mulakulam, Ekm
6) St Thomas, Nechur, Ekm
7) St George, Edamaruku, Ekm
8) St Mary's, Attinkunnu, Ekm

Kandanad East Diocese

9) St Mary's Cathedral, Piravom, Ekm
10) St George, Mannathoor, Ekm
11) St Mary's, Varikoli, Ekm
12) St John's, Palakuzha, Ekm
13) St Peter's and St Paul's, Karamala, Ekm
14) St Mary's, Thodupuzha, Idukki
15) St John's, Pannoor, Idukki
16) St George Bethel, Mulappuram, Idukki
17) St George Tabore, Ooramana, Ekm
18) St Michael, Vettithara, Ekm
19) St Mary's, Vettithara, Ekm
20) St Thomas, Karikode, Ekm
21) St Stephen's, Chorakuzhy, Ekm
22) St John's, Vadakara, Ekm
23) St John's, Kanyattunirappu, Ekm
24) St Michael's, Mamalassery, Ekm
25) St John's, Njarackad, Ekm

Angamaly Diocese

26) Trikkunnathu Seminary, Ekm
27) St Mary's Shalem, Chathamattom, Ekm
28) St Peter's and St Paul's Carmel, Chathamattom, Ekm
29) Bethel Suloko, Perumbavoor, Ekm
30) St Mary's, Pazhamthottam, Ekm
31) St Mary's, Mullaringad, Idukki

Kochi diocese

32) St Mary's, Vadavucode, Ekm
33) St Mary's, Cherai, Ekm
34) St John's, Ayyambilly, Ekm
35) St Ignatius, Kanjiramattom, Ekm

Niranam Diocese

36) St John's, Mepral, Pathanamthitta

Mavelikara Diocese

37) St Mary's, Kattachira, Alappey

Kunnamkulam Diocese

38) St George, Chelakkara, Trissur

Trissur Diocese

39) St Mary's, Mannamangalam, Trissur

40) St Peter's and St Paul's, Chalissery, Trissur

List of churches which joined before 3 July 2017

1) St Mary's Maha-edavaka, Umminikkunnu, Pothanicad, Ekm (Angamaly diocese)
2) St Thomas, Manthalir (Chengannoor diocese)

List of churches in the waiting list

1) Mulanthuruthy marthoman church, Ekm
2) St Ignatius Sehion, Onakkoor, Ekm
3) St Mary's, Poothrikka, Ekm
4) Marthasmooni church, Thiruvarppu, Kottayam
5) St George Church, Marottichal, Trissur
6) Kothamangalam Marthoman Church, Ekm.

Swami Agnivesh passes away

The Arya Samaj leader is known for his work against bonded labour.

Social activist, scholar, politician and Arya Samaj leader Swami Agnivesh passed away at the Institute of Liver and Billary Sciences (ILBS) in New Delhi, on Friday, after he was hospitalised due to liver cirrhosis earlier this week.



Adieu my dear senior friend in the journey of interfaith and multicultural Dialoge. Your contributions for the uplift of humanity to her lost glory will be well remembered in future too. You were really a man of self dignity who represented the true Oriental spirit and culture to the whole world like Swami Vivekanada.

- Dr. Geevarghese Mar Yulios

വചനതീർത്ഥം

ജനതകളുടെ പ്രകാശമായി മാറുക

(വാങ്ങിപ്പിനു ശേഷം അഞ്ചാം ഞായർ)

(വി. ലൂക്കോസ് 11: 33-41)

ഫാ. യോഹന്നാൻ കെ. (സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)



"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" (മത്തായി 5:13) എന്ന ക്രിസ്തുവിന്റെ സന്ദേശം ഒരുവന് തന്റെ ജീവിതത്തിലുണ്ടായിരിക്കേണ്ട സുപ്രധാന ഗുണമാണ് എന്നതിന്റെ തുടർച്ചയായിട്ടാണ് ഇന്നത്തെ സദ്‌വാർത്തയിൽ പ്രകാശത്തിന്റെ സാധ്യതകൾ ചർച്ച ചെയ്യുന്നത്. കൂടാതെ ഒരു വ്യക്തിയുടെ സ്വഭാവ വൈശിഷ്ട്യം, വെറും പുറംകാഴ്ചകളുടേയോ, പ്രകടനങ്ങളുടേയോ, അനുഷ്ഠാനങ്ങളുടേയോ ഗണത്തിൽ മാത്രം അളക്കാവുന്നതല്ല എന്നും ഓർമ്മിപ്പിക്കുന്നു. കൂടാരപ്പെരുന്നാളിനു ശേഷമുള്ള രണ്ടാം ഞായറാഴ്ചയുടെ വേദഭാഗത്തോട് ഇന്നത്തെ സദ്‌വിചാരത്തിന്റെ രണ്ടാം ഭാഗത്തിന് സാദൃശ്യമുണ്ട്. ധാർമ്മികതയുടെ നാട്യങ്ങളണിഞ്ഞു നിൽക്കുന്ന ശാസ്ത്രിമാരേയും പരീശന്മാരേയും ക്രിസ്തു കണക്കറ്റു ശകാരിക്കുകയാണ്. 'നിയമങ്ങൾ പാലിക്കുക' എന്നത് ഒരു ചടങ്ങു തീർക്കൽ മാത്രമായി കണ്ട അധികാരവർഗ്ഗത്തോട്, അതിലെ അന്തഃസത്ത മനസ്സിലാക്കി പ്രവർത്തിക്കുവാൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നു. മാത്രമല്ല ശുദ്ധിയുടേയും അശുദ്ധിയുടേയും മാനദണ്ഡങ്ങൾ ക്രിസ്തു തിരുത്തിക്കുറിക്കുകയാണ് ഇവിടെ. കൂടാതെ ജനതയുടെ പ്രകാശമാകുവാൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു എന്ന ദൗത്യബോധവും ഊന്നിപ്പറയുന്നു.

ഞായറാഴ്ച സന്ധ്യയുടേയും (മർക്കോസ് 7:1-13), പ്രഭാതത്തിന്റേയും (മർക്കോസ് 7:14-23) ഏവൻഗേലിയോൻ വായനകൾ ഇതേ ആശയം തന്നെയാണ് പങ്കുവെയ്ക്കുന്നത്. മനുഷ്യനുണ്ടാക്കിയ പാരമ്പര്യം മുറുകെപിടിക്കുകയും, ദൈവത്തിന്റെ കല്പന ഉപേക്ഷിക്കുകയും ചെയ്യുന്നു. മാത്രമല്ല മനുഷ്യരുണ്ടാക്കിയ പാരമ്പര്യം പാലിക്കാനായി കൗശലപൂർവ്വം ദൈവകല്പന അവഗണിക്കുന്നു (മർക്കോസ് 7:7-9). പഴമവായനയിൽ ലേവ്യ പുസ്തകത്തിൽ നിന്നുള്ളത്, ദൈവകല്പനകൾ പാലിച്ചാൽ മനുഷ്യൻ അവയാൽ ജീവിക്കുമെന്നുള്ള വാഗ്ദത്തം നൽകുന്ന സന്ദേശമാണ് ലഭിക്കുന്നത് (ലേവ്യ 18:1-5). യിസ്രായേൽ ഗോത്രങ്ങളോട് 'ദൈവകല്പന അനുസരിച്ച് നടക്കണം' എന്നുള്ള പ്രബോധനമാണ് യോശുവ നൽകുന്നത് (യോശുവ 22:4-6). ദൈവകല്പന മറന്ന് സ്വയത്തിൽ ആശ്രയിക്കുകയും, തന്റെ ദൗത്യം ശരിയായി നിർവ്വഹിക്കുകയും ചെയ്യാത്ത യിസ്രായേലിലെ ഇടയന്മാർക്കുള്ള താക്കീതാണ് യെഹസ്ക്കിയേൽ പ്രവാചകൻ നൽകുന്നത് (യെഹസ്ക്കിയേൽ 34:1-6). ശ്ലീഹാ വായനയിൽ പത്രോസ് കണ്ട ദർശനവും (അപ്പോ. പ്ര. 11:2-10), പുറമേ കാണുന്നതല്ല ഒരുവന്റെ യഥാർത്ഥ മഹത്വത്തിന്റെ അളവുകോൽ എന്നതും മറിച്ച് ഹൃദയത്തിന്റെ നിർമ്മലതയാണ് എന്ന് വി. പൗലോസും (റോമ. 2:28-3:8) സാക്ഷിക്കുന്നു. മൊത്തത്തിൽ ഇന്നത്തെ വേദഭാഗങ്ങൾ എല്ലാംതന്നെ പരസ്പര പൂരകങ്ങളും ഒരേ ആശയത്തിന്റെ വിവിധ വീക്ഷണങ്ങളുമാണ്. രണ്ട് വ്യത്യസ്തമായ ചിന്തകൾ ഇന്നത്തെ സദ്‌വിചാരം നമുക്ക് നൽകുന്നു. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ അത് നമ്മുടെ ദൗത്യബോധത്തെ കൂടുതൽ ഉറപ്പുള്ളതാക്കിത്തീർക്കുന്നു.

1. നമ്മിലെ വെളിച്ചം ഇരുളാകാതെയിരിപ്പാൻ ശ്രദ്ധിക്കുക

ഇരുളിന് അതിന്റേതായ ഒരു അസ്തിത്വം ഇല്ല. എവിടെ വെളിച്ചം ഇല്ലാതാകുന്നുവോ, അവിടെയാണ് ഇരുൾ ഉണ്ടാകുന്നത്. എന്നുവെച്ചാൽ, വെളിച്ചം ഇല്ലാത്ത അവസ്ഥ മാത്രമാണ് ഇരുൾ. വെളിച്ചം നമുക്ക് ചുറ്റുമുള്ളതിനെ പ്രകാശിപ്പിക്കുന്നു. ആ വെളിച്ചത്തിൽ നമുക്ക് വസ്തുക്കളെ കാണാൻ സാധിക്കുന്നു. ആ കാഴ്ചയ്ക്ക് നമ്മെ സഹായിക്കുന്ന അവയവമാണ് കണ്ണുകൾ. ശരിയായ കാഴ്ചകളെല്ലാം അങ്ങനെ ദർശനങ്ങളാകും. ദർശനങ്ങളിൽ ദൈവത്തിന്റെ മഹിമകളും, അനുഗ്രഹങ്ങളും അടങ്ങിയിരിക്കും. അതിനാൽ ചൊവ്വായുള്ള കണ്ണുകൾ നമുക്ക് ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

കർത്താവിനെപ്പറ്റി യെശയ്യാ പ്രവാചകൻ പറഞ്ഞതിപ്രകാരമാണ്. 'അന്ധകാരത്തിലിരുന്നവരുടെ മേൽ ഉദിച്ച വലിയ വെളിച്ചം' (മത്തായി 4:14-16; യെശയ്യാവ് 9:2). നിന്ദിതരും, പീഡിതരും അടിമകളുമായ ഇസ്രായേൽ ജനത്തിന് ലഭിച്ച പ്രതീക്ഷയുടെ വലിയ ഒരു സന്ദേശമാണ് യെശയ്യാ പ്രവാചകൻ അറിയിക്കുന്നത്. ആ വലിയ വെളിച്ചമാണ് നമ്മുടെയിടയിൽ വസിക്കുന്നത്. ആ വെളിച്ചത്തിന്റെ പ്രഭയിൽ നമ്മുടെ കാഴ്ചകളെ ശരിയാക്കുവാനാണ് ക്രിസ്തു ആഹ്വാനം ചെയ്തത്. കൂടാതെ നാം സ്വയം പ്രകാശമുള്ളവരായിത്തീരുവാനും, മറ്റുള്ളവർക്ക് പ്രകാശം നൽകുവാനും ഈ ദൗത്യനിർവ്വഹണമാണ് ഒരു ക്രിസ്തുശിഷ്യൻ തന്റെ ജീവിതത്തിൽ ചെയ്യേണ്ട കടമ.

പിതാക്കന്മാരുടെ പഠിപ്പിക്കലുകളിലും, നമ്മുടെ നമസ്കാരങ്ങളിലുമെല്ലാം ആവർത്തിച്ചു വരുന്ന ആശയമാണ് ക്രിസ്തുവാകുന്ന വെളിച്ചത്തിന്റെ അംശികളായി നാം മാറുക എന്നത്. 'സന്ധ്യയിൽ ഇരുൾ വന്ന് പ്രപഞ്ചത്തെ മൂടുമ്പോൾ എന്റെ സൂര്യനായി നീ വന്ന് എന്നെ പ്രകാശിപ്പിക്കേണമേ' എന്ന് ശ്ഹീമാ നമസ്കാരം സന്ധ്യയിൽ നാം പ്രാർത്ഥിക്കുന്നു. നമ്മുടെ ശരീരത്തിൽ അന്ധകാരത്തിന്റെ അംശം ഒട്ടുമില്ലാതെ, പരിപൂർണ്ണമായി, ക്രിസ്തുവിനെ പ്രകാശിപ്പിക്കുവാൻ നമുക്ക് ഇടയാകണം. പാപത്തിന്റെ അവസ്ഥയിൽ നിന്ന് പരിശുദ്ധിയുടെ ഔന്നത്യങ്ങളിലേക്ക് നാം കയറണം. കാഴ്ചകൾ ദർശനങ്ങളായി പരിണമിക്കണം.

2. പുറംമോടികളിൽ ഒരിക്കലും അഭിരമിക്കരുത്

മനുഷ്യന്റെ ദൈവാന്വേഷണത്തിന് അർത്ഥവും ആഴവും നൽകുക എന്നതാണ് ഒരു മതത്തിന്റെ പ്രധാന ധർമ്മം. ക്രിസ്തുവിന്റെ കാലഘട്ടത്തിൽ യഹൂദ മതത്തിന് അതിന് കഴിഞ്ഞില്ല. അതിന് ശ്രമിച്ച ക്രിസ്തുവിനെ അവർ നിഷ്കരുണം ഇല്ലാതാക്കുകയും ചെയ്തു എന്നതായിരുന്നു ക്രൂരമായ സത്യം. താനുൾപ്പെടുന്ന മതത്തിലെ ജീർണ്ണാവസ്ഥയെ ക്രിസ്തു ചോദ്യം ചെയ്യുന്നു. അങ്ങാടിയിൽ വന്ദനവും, പള്ളിയിൽ മുഖ്യാസനവും, അത്താഴത്തിൽ പ്രധാന സ്ഥലവും, മറ്റുള്ളവരാൽ ബഹുമാനവും ആഗ്രഹിച്ചു നടന്നവർ പുറംമോടികളിൽ മാത്രമാണ് ശ്രദ്ധ വെക്കുന്നത് എന്ന് ക്രിസ്തു തന്റെ പരസ്യശുശ്രൂഷയിൽ പലയാവർത്തി പറഞ്ഞിരുന്നു. എന്നാൽ യഹൂദ മതപണ്ഡിത നേതാക്കളെല്ലാം തന്നെ ക്രിസ്തുവിനെ വാക്കിലും, പ്രവൃത്തിയിലും കുടുക്കുവാൻ, അവൻ യഹൂദനിയമം ശരിയായി പാലിക്കുന്നവനല്ലെന്നു കാണിക്കുവാനാണ് ശ്രദ്ധിച്ചത്.

ശുദ്ധിയേയും അശുദ്ധിയേയും സംബന്ധിച്ച് യഹൂദർക്ക് പ്രത്യേകം നിയമങ്ങൾ ഉണ്ടായിരുന്നു (ലേവ്യ 11:18). ഭക്ഷണത്തിന് മുമ്പ് ശരീരം വെടിപ്പാക്കണമെന്നുള്ളത് അവരുടെ അലംഘനീയമായ ഒരു നിയമം ആയിരുന്നു. ക്രിസ്തു അത് ചെയ്തില്ല എന്നാണ് പരീശന്മാർ ആരോപിക്കുന്നത്. അപ്പോഴാണ് പുറമേയുള്ള ശുദ്ധിയല്ല, അകമേയുള്ള ശുദ്ധിയാണ് ഒരുവന് ആവശ്യം വേണ്ടത് എന്ന് ക്രിസ്തു പറയുന്നത്. 'അവരെ വെള്ളതേച്ച ശവക്കല്ലറകളേ' (മത്തായി 23:27) എന്ന് വിളിക്കാൻപോലും ക്രിസ്തു മടിച്ചില്ല. ഇവിടെ ശുദ്ധിയേയും, അശുദ്ധിയേയും സംബന്ധിച്ച് വളരെ വ്യക്തമായ ഒരു നിലപാടാണ് ക്രിസ്തു സ്വീകരിച്ചത്. നന്മയും, കരുണയും, ആർദ്രതയും, ഹൃദയവിശാലതയും, സ്നേഹവും ഒരുവന്റെ മനസ്സിൽ നിന്നാണ് വരുന്നത്. അത് സ്വായത്തമാക്കുവാനാണ് ഒരുവൻ ശ്രദ്ധിക്കേണ്ടതെന്നും പുറമേ കാണുന്ന ജീവിതഭ്രമങ്ങളിൽ മുഴുകിപ്പോകരുതെന്നും ക്രിസ്തു അനുശാസിക്കുന്നു.

മറ്റുള്ളവർ അശുദ്ധരായും വിലകുറച്ചും കണ്ടവർ - കുഷ്ഠരോഗികൾ, വിധവമാർ, സ്ത്രീകൾ, കുഞ്ഞുങ്ങൾ, യാചകർ വിവിധ തരത്തിൽ രോഗം ബാധിച്ചവർ - ഇവരെയെല്ലാം ക്രിസ്തു ചേർത്തു നിർത്തി. തന്റെ വെളിച്ചം അവർക്ക് നൽകി. ആ വെളിച്ചത്തിൽ ആ ജനതകൾ പ്രകാശിച്ചു. ദൈവകൃപ അവരുടെ മേൽ ഉണ്ടായി. സഭ ആ ദൗത്യമാണ് ഇന്ന് ഏറ്റെടുത്ത് ചെയ്യേണ്ടത്. ക്രിസ്തുവിൽ നിന്ന് സ്വീകരിച്ച ആ ദിവ്യപ്രകാശത്തിൽ സ്വയം പ്രകാശിതയായിരിക്കുന്നതിനോടൊപ്പം തന്നെ, ശുദ്ധിയുടേയും, അശുദ്ധിയുടേയും നിയമങ്ങളിൽ കുടുങ്ങിക്കിടക്കുന്നവർക്ക് മോചനം നൽകുകയും അവരെ പ്രകാശപൂരിതമാക്കുകയും ചെയ്യുക. ഈ ദൗത്യനിർവ്വഹണത്തിലേക്ക് ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. വരൂ നമുക്ക് പ്രകാശിതരായിത്തീരാം. ❑



45 വർഷം മുമ്പ് പൂട്ടപ്പെട്ട ചാത്തമറ്റം കർമേൽ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയുടെ ഇപ്പോഴത്തെ സ്ഥിതി. ഓർത്തഡോക്സ് സഭ പള്ളിയുടെ പുനരുത്ഥാന പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു.



45 വർഷം മുമ്പ് പൂട്ടപ്പെട്ട ചാത്തമറ്റം കർമേൽ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയുടെ താക്കോൽ കോടതി ഉത്തരവുപ്രകാരം മുവാറ്റുപുഴ **RDO** യുടെ നിർദേശത്താൽ വില്ലേജ് ഓഫീസർ ഓർത്തഡോക്സ് സഭയുടെ വികാരിക്ക് കൈമാറി.




പ. കാതോലിക്കാ ബാവായുടെ ആജ്ഞ അനുസരിച്ചു സഭാ സമാധാനത്തിനായി കണ്ടനാട് ഈസ്റ്റ് ഭദ്രാസന ആസ്ഥാനമായ മൂവാറ്റുപുഴ അരമനയിൽ നടന്ന അഖണ്ഡ പ്രാർത്ഥന.



കണ്ടനാട് ഭദ്രാസനത്തിന്റെ തലപ്പള്ളി സെന്റ് മേരീസ് ഓർത്തോഡോക്സ് കത്തീഡ്രൽ നീണ്ട നാളത്തെ കോടതി വ്യവഹാരങ്ങൾക്കുശേഷം മലങ്കര സഭയോട് തിരികെ ചേർക്കപ്പെട്ടു. ശാശ്വതമായ സമാധാനത്തിന് വേണ്ടി ഈ ഇടവക പോരാടിയത് നമുക്കും വരും തലമുറക്കും വേണ്ടി ആണ് എന്ന ഉത്തമബോധ്യത്തോടെ ഈ ഇടവക സഹിച്ച ത്യാഗോജ്വലമായ പോരാട്ടത്തെ മുൻനിർത്തി കണ്ടനാട് ഇടവകയ്ക്ക് കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആദരവ് – സമർപ്പണം 2020.



മാത്യ ഇടവകയായ വെട്ടിത്തറ പള്ളിയിൽ 25 വർഷത്തിനു ശേഷം യൂഹാനോൻ മാർ മിലിത്തോസ് വി. കുർബാന അർപ്പിച്ച ശേഷം ഇടവകാംഗങ്ങളോടൊപ്പം.



ഫാ. എബ്രഹാം പൂവത്തുംവീട്ടിൽ നിര്യാതനായി

നാലു ദശാബ്ദകാലം കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി വികാരിയായിരുന്നു. കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളജ് വൈസ് പ്രസിഡണ്ടുമാരിൽ ഒരാളായി സേവനം അനുഷ്ഠിച്ചു. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്നു കുറച്ചുനാളായി വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു.

"നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു."

– പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്



കുര്യാക്കോസ് മാർ ക്ലിമീസ് മാരാമണ്ണിലെ പമ്പയുടെ തീരത്തുള്ള 'സമഷ്ടി'യിൽ പണിത വള്ളം ജലാശയത്തിലിറക്കി.




യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് പെരുമ്പാവൂർ ബഥേൽ സുലോക്കോ ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു.



മെഴുകുതിരി നിർമ്മാണ യൂണിറ്റ് ഉദ്ഘാടനം ചെയ്തു

വള്ളികുന്നം: സെന്റ് ജോർജ് പള്ളിയിലെ ശുശ്രൂഷകസംഘമായ ആമോസിന്റെ നേതൃത്വത്തിൽ പള്ളി ഉപയോഗത്തിനും, മറ്റാവശ്യങ്ങൾക്കുമുള്ള മെഴുകുതിരി നിർമ്മിക്കുന്നതിനുള്ള ഒരു മെഴുകുതിരി നിർമ്മാണ കേന്ദ്രം വികാരി ഫാ. കോശി മാത്യു ഉത്ഘാടനം ചെയ്തു. ആമോസ് വൈസ് പ്രസിഡന്റ് ശ്രീ വർഗ്ഗിസ് നൈനാൻ അദ്ധ്യക്ഷത വഹിച്ചു. ഡീക്കൻ ബൈജു തമ്പാൻ കൈസ്ഥാനി സി. റ്റി. ബേബിക്കുട്ടി, സെക്രട്ടറി എബിൻ ബേബി കൺവീനർ എബി വർഗ്ഗീസ് സെക്രട്ടറി നെബിൻ ജോസ് എന്നിവർ പ്രസംഗിച്ചു. പള്ളിയുടെ മെഴുകുതിരി ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള ഒരു പ്രോത്സാഹനവുമാണ് ഈ പദ്ധതിയുടെ ഉദ്ദേശമെന്ന് ആമോസ് പ്രവർത്തകർ അറിയിച്ചു.



ப. കാതോലിക്കാ ബാവായുടെ കൽപ്പനപ്രകാരം സഭാ സമാധാനത്തിനായി മൂന്ന് ദിവസത്തെ തുടർച്ചയായ അഖണ്ഡ പ്രാർത്ഥന തുമ്പമൺ ഭദ്രാസനത്തിലെ കുമ്പഴ മാർ ശെമവൂൻ ദെസ്തുനി കത്തീഡ്രൽ പള്ളിയിൽ ഇടവക വികാരിയുടെ നേതൃത്വത്തിൽ നടന്നു.

ആലുവാ തൃക്കുന്നത്ത് സെമിനാരിക്കേസ്: ഹർജി തള്ളി

ആലുവ: തൃക്കുന്നത്ത് സെമിനാരിയെ സംബന്ധിച്ച് യൂഹാനോൻ മാർ പോളികാർപ്പോസിനെ എതിർ കക്ഷിയാക്കി വിഘടിത വിഭാഗം കൊടുത്ത കേസ് ആലുവ മുൻസിഫ് കോടതി തള്ളി. കേസ് നിലനിൽക്കാത്ത സാഹചര്യത്തിൽ കേസുമായി മുന്നോട്ട് പോകുന്നില്ല എന്ന് ഹരജിക്കാർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേസ് തള്ളി ഉത്തരവായത്. ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി അഡ്വ. എം. ജി. ജീവൻ ഹാജരായി.

നീലിമംഗലം പള്ളിക്കേസ്: അപ്പീൽ കോടതി തള്ളി

കോട്ടയം: നീലിമംഗലം പള്ളിയെ സംബന്ധിച്ച കോടതി വിധിക്കെതിരെ പാത്രിയർക്കീസ് വിഭാഗം കൊടുത്ത അപ്പീൽ കോടതി തള്ളി.



പ. കാതോലിക്കാ ബാവാ തിരുമേനിയുടെ കല്പന അനുസരിച്ച് സെപ്റ്റംബർ 6-ന് ഞായറാഴ്ച അദ്ധ്യാത്മിക സംഘടനകളുടെ നേതൃത്വത്തിൽ അഖണ്ഡ പ്രാർത്ഥന നടത്തി. സുവിശേഷസംഘം, പ്രർത്ഥനായോഗം, സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം, വനിതാസമാജം എന്നീ സംഘടനകൾ നേതൃത്വം നൽകി.